www.eternalvoicenews.com

# എറ്റേണൽ വോയ്സ്

ക്രൈസ്തവ വാർത്താപത്രിക

2017 ഡിസംബർ

Vol: 4 Issue: 5 Kermal-2014/59906 Pages: 8 Thiruvalla Rs: 5.00

## ഗ്രെയ്സ് തിയോളജിക്കൽ കോളേജ്, ഗ്രാജുവേഷൻ; വേദവിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കി



ഗ്രെയ്സ് തിയോളജിക്കൽ കോളേജിൽ നിന്നും (2017) ഈ വർഷം ഗ്രാജുവേറ്റായ വിദ്യാർത്ഥികൾ അദ്ധ്യാപകർക്കൊപ്പം

**വെണ്ണിക്കുളം:** ഗ്രെയ്സ് തിയോളജിക്കൽ കോളേജിന്റെ കറസ്പോണ്ടൻസ് വിദ്യാർത്ഥികളുടെയും വിവിധ സെന്ററുകളുടെയും ഒന്നാമത് ഗ്രാജുവേഷൻ കഴിഞ്ഞ ഒക്ടോബർ 31- ന് വെണ്ണിക്കുളം ഗോസ്പൽ സെന്റർ ചർച്ച് ഓഡിറ്റോറിയത്തിൽ പകൽ 10 മുതൽ 1 മണിവരെ നടത്തി. പാസ്റ്റർ ജോൺസൺ തോമസ് പ്രാർത്ഥിച്ചാരംഭിച്ച സർവ്വീസിൽ റവ. റോയി ബേബി അദ്ധ്യക്ഷനായിരുന്നു. തുടർന്ന് ചെയർമാൻ പാസ്റ്റർ റെന്നി ഇടപ്പറമ്പിൽ സ്വാഗതപ്രസംഗം നടത്തുകയും ജനത്തെ ആരാധനയിലേക്ക് നയിക്കുകയും ചെയ്തു. രജിസ്ട്രാർ പാസ്റ്റർ ബെൻസൺ വി. യോഹന്നാൻ ബൈബിൾ വായിച്ചു പ്രാർത്ഥിച്ചു. അക്കാഡമിക്ക് ഡീൻ പാസ്റ്റർ ജോൺ മാമ്മൻ റിപ്പോർട്ട് അവതരിപ്പിച്ചു. റവ. കോശി ഉമ്മൻ മുഖ്യപ്രഭാഷണം നടത്തി. പാസ്റ്റർ മാത്യൂ ജോൺ സ്റ്റുഡൻസിന്റെ ഭാഗത്തുനിന്നും പ്രസംഗിച്ചു.

ഏകദേശം 36-ൽ പരം വിദ്യാർത്ഥികൾ ആ വർഷം ഗ്രെയ്സ് തിയോളജിക്കൽ കോളേജിൽ നിന്നും ഗ്രാജുവേറ്റ് ചെയ്തു. റവ. തോമസ് ഫിലിപ്പ് (ന്യൂ ഇന്ത്യാ ബൈബിൾ കോളേജ്) ആശംസ അറിയിച്ചു. ബ്രദർ റ്റോം എബ്രഹാം പാമ്പാടി ടീം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം കൊടുത്തു. മിഷൻ സെക്രട്ടറി പാസ്റ്റർ ഇ. ജെ തോമസ്കുട്ടി പ്രാർത്ഥിച്ചു. പാസ്റ്റർ റെനി തങ്കച്ചൻ (ഡയറക്ടർ), പാസ്റ്റർ റെന്നി ഇടപ്പറമ്പിൽ (ചെയർമാൻ), പാസ്റ്റർ ജോൺ മാമ്മൻ (അക്കാഡമിക്ക് ഡീൻ), പാസ്റ്റർ പി.പി. മാത്യൂ (കോളേജ് ടീച്ചർ), റവ. തോമസ് ഫിലിപ്പ് എന്നിവർ സർട്ടീഫിക്കറ്റ് വിതരണം നടത്തി. പാസ്റ്റർ ഷാജി എം. പോൾ വിദ്യാർത്ഥികളെ അനുഗ്രഹിച്ച് പ്രാർത്ഥിച്ചു. പാസ്റ്റർ പി. പി. മാത്യൂ പ്രാർത്ഥിച്ച് ആശിർവാദം പറഞ്ഞു. ഒന്നാം ഗ്രാജുവേഷൻ ആണെങ്കിലും രണ്ടാം ബാച്ചിന്റെ സർവ്വീസ്സാണ് നടന്നത്. തുടർന്ന് മൂന്നാം ബാച്ചിലേക്കുള്ള അഡ്മിഷൻ ക്ഷണിക്കുന്നു.



## പുസ്തകം പ്രകാശനം ചെയ്തു

എറ്റേണൽ വോയ്സ് വാർത്താപത്രിക ചീഫ് എഡിറ്ററും ഗ്രെയ്സ് തിയോളജിക്കൽ കോളേജ് ചെയർമാനുമായ പാസ്റ്റർ റെന്നി ഇടപ്പറമ്പിൽ എഴുതിയ രണ്ടാമത്തെ പുസ്തകമായ സ്വർഗ്ഗത്തിലേക്കുള്ള വഴി എന്ന നോവൽ ഗ്രെയ്സ് മിഷൻ ജനറൽ സെക്രട്ടറി പാസ്റ്റർ ഇ. ജെ തോമസ്കുട്ടി കുമ്പനാട് ശാരോൻ ഫെലോഷിപ്പ് ചർച്ച് പാസ്റ്റർ ബെന്നി വെട്ടിയാറിന് ആദ്യ കോപ്പി നൽകി പ്രകാശനം ചെയ്തു. ബുക്ക് തിരുവല്ല, കുമ്പനാട് സ്ഥലങ്ങളിലെ എല്ലാ ക്രിസ്തീയ ബുക്ക് സ്റ്റാളിലും ലഭ്യമാണ്.

## ഐ.പി.സി സൺഡേസ്കൂൾ 6,7 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ മാറുന്നു

**കുമ്പനാട്:** ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ സൺഡേസ്കൂൾസ് അസോസിയേഷൻ ആറ്, ഏഴ് ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ ഈ അധ്യയനവർഷം മാറും. പുതിയ പുസ്തകങ്ങൾ ജനുവരി രണ്ടാം വാരം പുറത്തിറങ്ങും. 2018ലെ കുമ്പനാട് കൺവൻഷനിൽ 6,7 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ ലഭ്യമാക്കും. അഞ്ചു വരെയുള്ള ക്ലാസ്സുകളിലേത് പോലെ ഇംഗ്ലീഷ് - മലയാളം ദ്വിഭാഷ പുസ്തകങ്ങളാണ് പുതിയവ. സിലബസ്, വിവർത്തനം, പ്രസിദ്ധീകരണം തുടങ്ങിയ ക്രമീകരണങ്ങൾക്ക് ഡയറക്ടർ കുര്യൻ ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ പാസ്റ്റർ ജയിംസ് ഏബ്രഹാം, ജനറൽ സെക്രട്ടറി പാസ്റ്റർ ജോസ് തോമസ് ജേക്കബ്, അസോസിയേറ്റ് സെക്രട്ടറി ജോജി ഐപ്പ് മാത്യൂസ്, ട്രഷറർ അജി കല്ലുങ്കൽ എന്നിവർ നേതൃത്വം നൽകുന്നു.

## വജ്ര ജൂബിലി ജനറൽ ക്യാമ്പ്

**തിരുവല്ല:** ശാരോൻ ഫലോഷിപ്പ് ചർച്ച് യുവജന വിഭാഗമായ ക്രിസ്ത്യൻ ഇവാൻജലിക്കൽ മൂവ്മെന്റിന്റെ (സി.ഇ.എം) വജ്രജൂബിലി ജനറൽ ക്യാമ്പ് ഡിസംബർ 25-27 വരെ കുട്ടിക്കാനം മാർ ബസേലിയോസ് ക്രിസ്ത്യൻ കോളേജിൽവച്ച് നടക്കും. 'രൂപാന്തരം' എന്നതാണ് ചിന്താവിഷയം. സി.ഇ.എം ജനറൽ സെക്രട്ടറി പാ. ജോർജ്ജ് മുണ്ടകന്റെ അദ്ധ്യക്ഷതയിൽ ജനറൽ പ്രസിഡന്റ് പാ. ഫിലിപ്പ് എബ്രഹാം ക്യാമ്പ് ഉദ്ഘാടനം ചെയ്യും.

വിവിധ സെക്ഷനുകളിൽ ഡോ. എബി. പി. മാത്യു ബീഹാർ, ഇവാ. സാജൻ ജോയ് ബാംഗ്ലൂർ, ഡോ. മാത്യു. സി. വർഗീസ്, റവ. സാം.കെ. ജേക്കബ് തുടങ്ങിയവർ ക്ലാസുകൾ എടുക്കും. 13 വയസ്സിൽ താഴെയുള്ളവർക്കായി ക്യാമ്പിൽ ട്രാൻസ്ഫോർമെൻസ് ഇന്ത്യ നേതൃത്വം നൽകും. ക്യാമ്പിനോട് അനുബന്ധിച്ച് സിംങ് & പ്രെയിസ്, ബൈബിൾ സ്റ്റഡി, ചോദ്യോത്തര വേദി, ചർച്ചകൾ, കൗൺസലിംഗ്, മിഷൻ ചലഞ്ച്, താലന്തു പ്രദർശനങ്ങൾ, ഗെയിമുകൾ തുടങ്ങിയവ ഉണ്ടായിരിക്കും.

ഡോ. ബ്ലെസൻ മേമന, ലോർഡ്സൻ ആന്റണി, സ്റ്റാൻലി മാത്യു, ജോമോൻ തുടങ്ങിയവർ ഗാനങ്ങൾ ആലപിക്കും. ജനറൽ സെക്രട്ടറി പാ. ജോർജ്ജ് മുണ്ടകൻ, ട്രഷറർ ഇവാ. എബി ബേബി തുടങ്ങിയവർ പൊതു ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകും. ക്യാമ്പ് ഫീസ് 200 രൂപാ. 13 വയസ്സിൽ താഴെയുള്ളവർക്ക് 150 രൂപ.

## ചർച്ച് ഓഫ് ഗോഡ് കേരള റീജിയൻ

**പാക്കിൽ:** ചർച്ച് ഓഫ് ഗോഡ് കേരള റീജിയൻ ജനറൽ കൺവൻഷൻ ജനുവരി 22- 28 വരെ പ്രത്യാശ നഗർ കൺവൻഷൻ സ്റ്റേഡിയത്തിൽ നടക്കും. കൺവൻഷന്റെ വിപുലമായ നടത്തിപ്പിനായി വിവിധ കമ്മറ്റികൾ ദൈവസഭ ഓവർസിയർ റവ.കെ.സി. സണ്ണിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ആലോചന മീറ്റിംഗിൽ ചുമതലപ്പെടുത്തി.

## ഒന്നായ് പാടാം യേശുവിനായ് സംഗീത മഹാസംഗമം ഏപ്രിൽ ഒന്നിന് തിരുവല്ലയിൽ

**തിരുവല്ല:** ചരിത്രങ്ങൾക്ക് വിളനിലമായ മലയാളക്കരയുടെ സാമൂഹിക പരിവർത്തനത്തിന് നിർണ്ണായക സ്വാധീനം ചെലുത്തിയ നവോത്ഥാനത്തിന്റെ ഹൃദയഭൂമിയിൽ മറ്റൊരു ചരിത്ര സംഗമത്തിന് സാക്ഷിയാകുന്നു. 2018ലെ ഈസ്റ്റർ ദിനമായ ഏപ്രിൽ ഒന്നിന് തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ ആയിരം സംഗീതജ്ഞരും ലക്ഷം ശ്രോ

ശേഷം 6 –ാം പേജിൽ

വീട്ടിൽ ഇരുന്ന് ബൈബിൾ പഠിക്കാം

ഗ്രെയ്സ് തിയോളജിക്കൽ കോളേജ്

ജോലി, കുടുംബം, ശുശ്രൂഷ, ഉപരിപഠനം മുതലായ കാരണത്താൽ ബൈബിൾ കോളേജിൽ പോയി ബൈബിൾ പഠിക്കുവാൻ കഴിയാത്തവർത്തായി ഗ്രെയ്സിൽ നിന്നും B.Th/Dip.Th പഠിക്കാം 0469 2751000

## പത്രാധിപർ എഴുതുന്നു....

# നിഷ്കളങ്കനായി നടക്കുന്ന ദൈവപുരുഷൻ



**പാ. റെന്നി ഇടപ്പറമ്പിൽ**
**(ചീഫ് എഡിറ്റർ)**
**9446625996**

**ഇ**ന്ന് പല മനുഷ്യരിലും അവസാനിച്ചിരിക്കുന്ന ഒരു പ്രധാന വിഷയമാണ് നിഷ്കളങ്കത. ദൈവത്താൽ ഉപയോഗിക്കപ്പെട്ട എല്ലാ മനുഷ്യരിലും വെളിവായി നിൽക്കേണ്ടുന്ന ഒരു തത്വമാണിത്. പഴയ നീയമത്തിലും പുതിയ നീയമത്തിലും വളരെ വ്യക്തമായി കാണുന്നുണ്ട്. **നിഷ്കളങ്കത എന്നതിന് ഗ്രീക്കിൽ അകക്കോസ് എന്നാണ് പറയുന്നത്.** തിമൊത്തിയോസിനോട് പൗലോസ് പറയുന്നത്; നീ നിഷ്കളങ്കനായും നിരപവാദ്യനുമായി ഈ കല്പ്പന നമ്മുടെ കർത്താവായ യേശുവിന്റെ പ്രത്യക്ഷതവരെ പ്രമാണിച്ച് കൊള്ളണം.

നമ്മുടെ കർത്താവിന്റെ മടങ്ങിവരവിങ്കൽ നാം എടുക്കപ്പെടണണെങ്കൽ നാം മറ്റുള്ളവരുടെ നടുവിൽ നിഷ്കളങ്കമായ ജീവിതം നയിക്കണം. മറ്റുള്ളവരുടെ തകർച്ചയ്ക്ക് നാം കാരണമാകരുത്. നാം നിമിത്തം നമ്മുടെ നിഗള പാപസ്വഭാവം കരാണം ദൈവത്തിങ്കൽ നിന്നും നീതി ലഭിക്കാൻ വലിയ തടസങ്ങൾ നേരിടുമെന്ന് നാം മറക്കരുത്. പലപ്പോഴും നമ്മുടെ സ്വയം നിലനിൽപ്പിനായി നാം ഏതു പ്രവർത്തികളും കൈമുതലാക്കുന്നവരാണ്. മറ്റുള്ളവനെ നിലം പതിപ്പിച്ചാണെങ്കിലും പലതിന്റെയും പുറകിൽ പ്രവർത്തിക്കാൻ തയ്യാറാകുന്ന ഒരു സമൂഹത്തിന്റെ മുമ്പിലാണ് നാം വസിക്കുന്നത്.

ഇന്ന് മിഷ്യൻ സ്വാർദ്ധലാഭം കൊയ്യുവാനായി നെട്ടോട്ടം ഓടുകയാണ്, പക്ഷെ പലതിന്റെ അന്ത്യം പരാചയം ആയി മാറുന്നു. മനുഷ്യനിൽ ദൈവം വെച്ചിരിക്കുന്ന അനുഗ്രഹ സ്വഭാവത്തിന്റെ തത്വഗുണത്തിൽ പെട്ടതും വിശേഷതയിലും പെട്ട ഒന്നാണ്. നിഷ്കളങ്കത.

ഭക്തനായ ഇയ്യോബിനെ കുറിച്ച് വേദപുസ്തകത്തിൽ എഴുതിവെയ്യ്ക്കുന്ന ആദ്യ സമയം തന്നെ അവനിൽ വേരുന്നിയ പ്രവർത്തികളിൽ അധിപ്രധാനമായ ഒരു വിഷയമാണ്. നിഷ്കളങ്കൻ എന്ന സാക്ഷ്യം സ്വർഗ്ഗത്തിലെ ദൈവം തന്നെ പറയുന്നുണ്ട്. ' അവൻ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകന്നവനും ആയിരുന്നു. (ഇയ്യോ.1:1)

നാം നമ്മുടെ സമൂഹത്തിലും ഭവനത്തിലും നിഷ്കളങ്കതയോടെ വസിക്കാൻ തുടങ്ങിയാൽ ദൈവത്തിൽ നിന്നുള്ള അനുഗ്രഹം നിരവധി നമ്മിലേക്ക് അടർന്ന് വീഴും. ഇയ്യോബ് തന്റെ ജീവിതത്തിൽ അപ്രകാരമുള്ള ജീവിതത്തിനു സാക്ഷി ദൈവത്തിൽ നിന്നും പ്രാപിച്ചപ്പോൾ എല്ലാ ആടുമാടുകളിൽ നിന്നും മൃഗസമ്പത്തുകളിൽ നിന്നു. പുത്രി പുത്രന്മാരിലും അധികം അനുഗ്രഹിച്ചു. നിഷ്കളങ്കത നമ്മുടെ ജീവിതത്തിൽ പാഠമാക്കാൻ തയ്യാറായാൽ ഈ ഭക്തനായ മുഷ്യനെ ദൈവം എങ്ങനെ അനുഗ്രഹിച്ചോ അതുപോലെ നമ്മെയും അനുഗ്രഹിക്കും.

പടിവാതിക്കൽ ഇരുന്ന മോർദ്ദേഖായി തന്റെ ദൈവത്തോടുള്ള നീതി പുലർത്തി കൊട്ടാരത്തിൽ നിന്നും ലഭിക്കുന്ന ഒരു ആനുകൂല്യങ്ങളും ആരാധനയും കൈ പറ്റാതെ തന്റെ ജീവിതം ദൈവത്തിനായി തന്റെ നിഷ്കളങ്ക മനസ്സോടെ സമർപ്പിച്ചപ്പോൾ ഹാമാൻ തന്റെ അമിത ബലം ഉപയോഗിച്ച് മോർദ്ദോഖായെ തകർത്തുകളയാൻ പണി പലതും എടുത്തു. കൂടാതെ ഹാമാന്റെ പുരമുറ്റത്ത് മോർദ്ദേഖായിമായുള്ള എല്ലാ യഹൂദനെയും നശിപ്പിക്കുവാൻ കുതന്ത്രം മെനഞ്ഞെടുത്തപ്പോൾ ദൈവം അവന്റെ നിഷ്കളങ്കമാർന്ന ജീവിതത്തെ സംരക്ഷിക്കുവാനായി എഴുന്നേറ്റ് പള്ളിമെത്തയിൽ കിടന്നുറങ്ങിയ രാജാവിനെ ഉറക്കത്തിൽ നിന്നും എഴുന്നേൽപ്പിച്ച് പുസ്തകം വായിപ്പിച്ച് കഴിഞ്ഞകാലങ്ങളിൽ തനിക്കു നേരിട്ട അനർത്ഥങ്ങളും മറ്റും ഓർമ്മയുടെ ചെപ്പ് തുറന്ന് മനസ്സിലാക്കിയപ്പോൾ മോർദ്ദേഖായി തനിക്കുചെയ്ത കാര്യങ്ങളെ ഓർമ്മ വന്നതും എല്ലാവരാലും തള്ളപ്പെട്ടവനായി പടിവാതിക്കൽ കിടന്ന ആ മനുഷ്യനെ എണ്ണതേച്ച് കുളിപ്പിച്ച് പുതിയ രാജവസ്ത്രവും രാജ മോതിരവും ചെരുപ്പും അണിയിച്ച് രാജാവ് കയറുന്ന വാഹനത്തിൽ കയറ്റി പട്ടണങ്ങൾ തോറും ചുറ്റി നടത്തി മാനിച്ച ഒരു ദൈവം. അവൻ എത്ര ശ്രേഷ്ടൻ..

നമ്മുടെ ജീവിത യാത്രയിൽ വന്നുപതിക്കുന്ന എല്ലാ മുള്ളിന്റെയും നടുവിൽ പതറിപ്പോകാതെ നേരുള്ളവനായി ദൈവസന്നിധിൽ നിന്നാൽ അവൻ നമ്മെ എല്ലാ നിന്ദയും ഉരുട്ടിമാറ്റി നമുക്കുനേരെ ഉണ്ടാക്കിയെടുക്കുന്ന എല്ലാ കഴുക് മരത്തിൽ നിന്നും പുറത്ത് കൊണ്ടുവരും. അതു മാത്രമല്ല, നമ്മുടെ കുടുബത്തിന്റെ നേരെയും ശുശ്രൂഷയുടെ നേരെയും ഭാവിക്കുനേരെയും ഇത് നിന്റെ അവസാനം എന്നു പറഞ്ഞ് കല്ലുകടിക്കുന്നവരുടെ എല്ലാ ഉപായത്തിൽ നിന്നും നമ്മെ വിടുവിച്ച് ഹാമാന്റ കഴുക് മരം അവസാനം അവനും അവന്റെ കുടുംബത്തിനും പ്രതികൂലമായി മാറിയതുപോലെ ഒരു സമയത്ത് നാം നിഷ്കളങ്കനായി ദൈവസന്നിധിയിൽ നിന്നാൽ നഷ്ടമായി പോയതെല്ലാം തിരികെ തന്ന് ഭക്തനായ ഇയ്യോബിനെ അനുഗ്രഹിച്ചതുപോലെ അനുഗ്രഹിക്കുന്ന ഒരു നല്ല ഇടയൻ നമുക്കുള്ളത് മറന്നു പോകരുത്.

ദൈവം നമ്മുടെ കഴിവും വാക്ക് ചാതുര്യവും അല്ല നോക്കുന്നത്. പകരം നമ്മിൽ തെളിഞ്ഞുവരേണ്ടുന്ന ഭക്തി, നിഷ്കളങ്കത, പ്രാർത്ഥന, നേരുള്ള ജീവിതം മുതലായവയാണ്. നാം സമൂഹത്തിലേക്ക് നോക്കാതെ സ്വർഗ്ഗിയ ദൈവത്തിന്റെ മുഖത്തേക്ക് നോക്കിയാൽ മറ്റാരെക്കാളും നമ്മെ അറിയുന്ന ദൈവം എല്ലാ വഴികളിലും പുലർത്താൻ ശക്തനാണ്. ഇന്നലകളിൽ നമ്മുടെ ജാവിതത്തിൽ നേരിട്ട എല്ലാ വേദനകളും നാളെ മധുരമാക്കി തരുവാൻ കഴിവുള്ളവന്റെ മുമ്പിൽ തെല്ലും പതിറിപോകാതെ വിശ്വസ്തതയോടെ നിന്നാൽ ആദരിക്കപ്പെടുന്ന ഒരു തക്കസമയം നമുക്ക് ഉണ്ട്.

ദാവീദ് തന്റെ ജാവിതത്തിൽ വന്നു ഭവിച്ച കുറവുകളുടെ നടുവിൽ നിലമ്പാട് വീണ് കരഞ്ഞപ്പോൾ ദൈവം അവന്റെ പാപത്തെയല്ല, പകരം തന്റെ ഹൃദയത്തിൽ നിന്നും നിഷ്കളങ്കതയിൽ പൊങ്ങിവന്ന വാക്കുകളെയും ആഗ്രഹങ്ങലെയും മറന്നുകളയാതെ ദൈവത്തിന്റെ നിഷേപമായി മാറി. മനുഷ്യൻ പുറമെയുള്ളതു നോക്കുന്നു. എന്നാൽ ദൈവം അകമെ നോക്കുന്നു.





# എക്സൽ വി. ബി. എസ്സ് 2018 വർഷത്തേക്കുള്ള തീം പ്രകാശനം ചെയ്തു

**തെക്കേമല:** എക്സൽ വി. ബി. എസ്സ് 2018 വർഷത്തേക്കുള്ള തീം പ്രകാശനം ചെയ്തു. നവംബർ 11 ശനിയാഴ്ച്ച 4 മണിക്ക് തെക്കേമലയിൽ എക്സൽ മിനിസ്ട്രീസിന്റെ ഡയരക്ടർ പാസ്റ്റർ അനിൽ ഇലന്തൂരിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ എക്സികൂട്ടിവ് കമ്മിറ്റി അംഗം പാസ്റ്റർ തോമസ് എം പുളിവേലിൽ പ്രകാശനം നിർവ്വഹിച്ചു. കഴിഞ്ഞ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ലോകമെമ്പാടുമുള്ള ജനങ്ങൾക്ക് ഒരേ സമയം കാണത്തക്ക രീതിയിൽ ഓൺലൈനായിട്ടായിരുന്നു പ്രകാശനം നടന്നത്. അനേകം കുഞ്ഞുങ്ങളെ സാത്താന്യ അന്ധകാരത്തിൽ നിന്നും ക്രിസ്തുവിന്റെ വെളിച്ചത്തിലേക്ക് നയിക്കാൻ ഈ വർഷം 'സെയ്ഫ് സോൺ' (SAFE ZONE)എന്ന തീമിലൂടെ എക്സലിന് കഴിയട്ടെ എന്ന് പ്രകാശനം നിർവ്വഹിച്ചു കൊണ്ട് പാ. തോമസ് എം പുളിവേലി ആശംസിച്ചു. എക്സൽ വി. ബി. എസ്സ് കോർഡിനേറ്റർ ബ്ര. സ്റ്റാൻലി റാന്നി സ്വാഗതം ആശംസിച്ചു. എക്സൽ ബാൻഡ് ആരാധനയ്ക്ക് നേതൃത്വം നൽകി. ബ്ലസൻ പി. ജോൺ കഴിഞ്ഞ വർഷങ്ങളിലെ എക്സലിന്റ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തി. ഷിബു കെ. ജോൺ തീം വിശദീകരിച്ചു. പാ. ബിനു ജോസഫ് വടശ്ശേരിക്കര, റവ. തമ്പി മാത്യു എന്നിവർ ഓൺലൈനായി ആശംസകൾ അറിയിച്ചു. പാ. തോമസ് ടി. ജോസഫ്, പാ. രാജേഷ്, പാ. സി. കെ. വിജയൻ, പാ.ജോബി കെ.സി. പാ. ജോൺസൺ ഇടയാറന്മുള, ബെൻസൺ തോട്ടഭാഗം, സുമേഷ് സുകുമാരൻ, മനു മാത്യു, ഗ്ലാഡ്സൺ ജേക്കബ് എന്നിവർ സന്നിഹിതരായിരുന്നു. സെറാഫ്സ് ലൈവ്, മിഡിൽ ഈസ്റ്റ് യൂത്ത് മിനിസ്ട്രീസ്, ക്രൈസ്തവ എഴുത്തുപുര എന്നിവർ തൽസമയ സംപ്രേക്ഷണത്തിൽ പങ്കാളികളായി. ആയിരക്കണക്കിനാൾക്കാർ ഒരേ സമയം ഈ പ്രോഗ്രാം തത്സമയം വീക്ഷിച്ചു.

**ഈ വർഷത്തെ**
**തീം**
**സെയ്ഫ് സോൺ**

# പി.സി.എൻ.എ.കെ പെന്തക്കോസ്ത് കോൺഫ്രൻസ് രജിസ്ട്രേഷൻ കിക്കോഫ് വിജയകരം



**നിബു വെള്ളവന്താനം**
**(നാഷണൽ മീഡിയ കോർഡിനേറ്റർ)**

**ന്യൂയോർക്ക്:** 2018 ജൂലൈ 5 മുതൽ 8 വരെ ബോസ്റ്റൺ പട്ടണത്തിലുള്ള മാസ് മ്യൂച്ചൽ കൺവൻഷൻ സെൻററിൽ നടത്തപ്പെടുന്ന നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ മലയാളി പെന്തക്കോസ്ത് ആത്മീയ സംഗമമായ പി.സി.എൻ.എ.കെ കോൺഫ്രൻസിന്റെ വിജയകരമായ നടത്തിപ്പിനായുള്ള പ്രമോഷണൽ യോഗങ്ങളുടെ കിക്കോഫ് സമ്മേളനവും രജിസ്ട്രേഷൻ ഉദ്ഘാടനവും ന്യൂയോർക്ക് എൽമണ്ട് ഫസ്റ്റ് ചർച്ച് ഓഫ് ഗോഡ് സഭയിൽ നവംബർ 19 ഞായറാഴ്ച വൈകിട്ട് 5.30 ന് നടത്തപ്പെട്ടു. പാസ്റ്റർ ജോസഫ് വില്യംസ് അദ്ധ്യക്ഷത വഹിച്ച സമ്മേളന ത്തിൽ, മുൻ പെന്തക്കോസ്ത് കോൺഫ്രൻസുകളുടെ നിരവധി ഭാരവാഹികളെ കൂടാതെ വിവിധ സഭാ ശുശ്രൂഷകന്മാരും വിശ്വാസി പ്രതിനിധികളും, നാഷണൽ - ലോക്കൽ തലത്തിലുള്ള ഭാരവാഹികളും പങ്കെടുത്തത് ശ്രദ്ധേയമായി.

കോൺഫ്രൻസിന്റെ നാഷണൽ കൺവീനർ പാസ്റ്റർ ബഥേൽ ജോൺസൺ ഇടിക്കുള, നാഷണൽ സെക്രട്ടറി വെസ്ളി മാത്യു, നാഷണൽ ട്രഷറാർ ബാബുക്കുട്ടി ജോർജ്, യൂത്ത് കോർഡിനേറ്റർ ഷോണി തോമസ്, ലേഡീസ് കോർഡിനേറ്റർ സിസ്റ്റർ ആശ ഡാനിയേൽ തുടങ്ങിയവർ കോൺഫ്രൻസിന്റെ ഇതുവരെ നടത്തിയ പ്രവർത്തനങ്ങളെ കുറിച്ച് വിശദീകരിക്കുകയും, ചിന്താവിഷയം അവതരിപ്പിക്കുകയും ചെയ്തു.

രജിസ്ട്രേഷൻ കിക്കോഫ് വേദിയിൽ കോൺഫ്രൻസിന്റെ മുഖപത്രമായ 'പി.സി.എൻ.എ.കെ വോയ്സ്' ന്യൂസ് ലെറ്റർ പാസ്റ്റർ ജേക്കബ് ജോർജ് പാസ്റ്റർ ബാബു തോമസിന് നൽകി പ്രകാശനം ചെയ്തു. പി.സി.എൻ.എ.കെ സ്റ്റേറ്റ് പ്രതിനിധികളായ പാസ്റ്റർ ജോണിക്കുട്ടി വർഗീസും, ബ്രദർ സോണി വർഗീസും സമ്മേളനത്തിന് നേതൃത്വം നൽകി. നാഷണൽ മ്യൂസിക് കോർഡിനേറ്റർ പ്രിൻസ് മാത്യുവിന്റെ നേതൃത്വത്തിലുള്ള മ്യൂസിക്ടീം ശ്രുതിമധുരങ്ങളായ ഗാനങ്ങൾ ആലപിച്ചു. ഡാളസ് സിഗ്മ ട്രാവൽസ് ഉടമ സണ്ണി ജോസഫാണ് കോൺഫ്രൻസ് മെഗാസ് പോൺസർ. ചർച്ച് സ്പോൺസർഷിപ്പ് ഉത്ഘാടനം ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി സീനിയർ ശുശ്രൂഷകൻ പാസ്റ്റർ വിൽസൺ വർക്കിയും ഗോൾഡ് പ്ലസ് സ്പോൺസർഷിപ്പ് ക്രിയേറ്റീവ് കൺസ്ട്രക്ഷനു വേണ്ടി ജോർജ് മത്തായിയും ഭാരവാഹികൾക്ക് നൽകി നിർവ്വഹിച്ചു.

ശേഷം 6–ാം പേജിൽ

**EDITORIAL BOARD**

**Chief Editor:** Pr. Renny Edapparambil
**Managing Editor:** Jayan John
**Executive Editor:** Pr. Pr. Varghese Samuel
**Marketing Director:** E. J Thomaskutty
**Associate Editor:** Pr. John Mammen
**Publisher:** Ligi Renny Edapparambil

Kermal-2014/59906

**ലേഖനങ്ങളുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രം**
**എറ്റേണൽ വോയ്സ് വാർത്താ പത്രിക**
**ഒരു മിഷൻ വാർത്താ പത്രികയാണ്,**
**പ്രാർത്ഥിക്കുക.. സഹകരിക്കുക**
**ലേഖനങ്ങൾ, കഥ, കവിത, ബൈബിൾ പഠനങ്ങൾ,**
**സഭാ വാർത്തകൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം ...**

**ETERNAL VOICE, Vennikulam P.O;**
**Thiruvalla 689 544**
**News Paper Published For Thiruvalla -Kerala, India**



പാസ്റ്റർ. ജോൺ മാമ്മൻ

# ദൈവം മടങ്ങി വരുന്നു

പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും ക്രിസ്തീയ ഭവനങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന കുടുംബപ്രാർത്ഥന അനേക ഭവനങ്ങളിൽ നിലച്ചിട്ടു കാലം കുറേ ആയി. ദൈവം എന്നേ ഭവനത്തിന്റെ പടി ഇറങ്ങിക്കഴിഞ്ഞു. ഒരു ഭക്തന് രാവിലെ ദൈവത്തിന്റെ ദയയേയും രാത്രിതോറും ദൈവത്തിന്റെ വിശ്വസ്തതയേയും വർണ്ണിക്കാതെ എങ്ങനെ ജീവിക്കാൻ കഴിയും. സകല സത്യത്തിലും നമ്മെ, വഴിനടത്തേണ്ട പരിശുദ്ധാത്മാവ് നമ്മിൽ ഉണ്ടോ? കുടുംബബന്ധങ്ങൾക്ക് ഊടും, പാവും പകരുന്ന സ്നേഹവും, നിസ്വാർത്ഥതയും നമ്മുടെ കുടുംബങ്ങളിൽ നിലനിൽക്കുന്നുണ്ടോ?

ഒരിക്കൽ യെരുശലേം ദൈവാലയത്തിൽ ദൈവസാന്നിദ്ധ്യം ഉണ്ടായിരുന്നു. ദൈവം ശലോമോനോട് പറഞ്ഞത് ''എന്റെ നാമം ഈ ആലയത്തിൽ എന്നേക്കും ഇരിക്കേണ്ടതിന് ഞാൻ ഇപ്പോൾ അതിനെ തിരഞ്ഞെടുത്ത് വിശുദ്ധീകരിച്ചിരിക്കുന്നു. എന്റെ ദൃഷ്ടിയും എന്റെ ഹൃദയവും എല്ലായ്പ്പോഴും ഇവിടെ ഇരിക്കും''(2ദിന. 7:16). എന്നാൽ ചില നാളുകൾ കഴിഞ്ഞപ്പോൾ യിസ്രയേൽ, ദൈവാലയത്തിനുള്ളിൽ പോലും മ്ലേഛത കയറ്റി പ്രതിഷ്ഠിച്ചു. ദൈവാലയത്തിലുള്ളിൽ വിഗ്രഹങ്ങൾ സ്ഥാപിച്ചു (2ദിന.33:4-7). അശുദ്ധിയുമായി ഒരു ബന്ധവും ദൈവത്തിനില്ലാത്തതിനാൽ, ദൈവത്തിന്റെ മഹത്വം ദൈവാലയത്തിൽനിന്നും വിട്ടുപോയി ഇത് യഹൂദ ജനം അറിഞ്ഞില്ല. ദൈവസാന്നിദ്ധ്യം എന്നും ദൈവാലയത്തിലുണ്ടായിരിക്കുമെന്ന് അവർ വിചാരിച്ചു.

ജനം വഴി തെറ്റിയെങ്കിലും ദൈവം തന്റെ മഹത്വം പെട്ടന്നൊരു ദിവസം പിൻവലിക്കുകയല്ല ചെയ്തത്. ''ദൈവത്തിന്റെ മഹത്വം കെരൂബിൽനിന്ന് പൊങ്ങി ആലയത്തിന്റെ ഉമ്മരപ്പടിക്കുമീതെ നിന്നു'' (യഹ.10:4). പിന്നീട് യഹോവയുടെ മഹത്വം ഉമ്മരപ്പടി വിട്ട് പുറപ്പെട്ട് യഹോവയുടെ ആലയത്തിന്റെ കിഴക്കേ പടിവാതിൽക്കൽ ചെന്നു നിന്നു (യഹ. 10:18,19). തുടർന്ന് യഹോവയുടെ മഹത്വം നഗരത്തിനു കിഴക്കുവശത്തുള്ള പർവ്വതത്തിന്മേൽ ചെന്നു നിന്നു.

ശ്രദ്ധിക്കുക, ദൈവത്തിന് ആരാധന ഉയരാത്ത, മ്ലേഛതയും അശുദ്ധിയും നിറഞ്ഞ ഒരിടത്തും ദൈവം വസിക്കുകയില്ല. നമ്മുടെ ഭവനങ്ങളിൽ എന്താണ് ഉയർന്നു കേൾക്കുന്നത്. പ്രാർത്ഥനയുടേയും ആരാധനയുടേയും ശബ്ദമാണോ? സിനിമയുടേയും, സീരിയലിന്റേയും, ഡാൻസിന്റേയുമൊക്കെയുള്ള അട്ടഹാസങ്ങളാണോ? കൺമോഹവും ജഡമോഹവും ഉയർത്തുക എന്നുള്ളത് പിശാചിന്റെ അജണ്ടയാണ് (1യോഹ.2:16). കൺമോഹവും ജഡമോഹവും ഉയർത്തുന്ന പരിപാടികൾ നമ്മുടെ ഭവനത്തിൽ അരങ്ങു തകർത്താടുമ്പോൾ, സാത്താന്റെ അജണ്ടയാണ് നമ്മുടെ ഭവനങ്ങളിൽ നിറവേറുന്നത്. തന്റെ പുത്രനേപ്പോലും തന്ന് നമ്മെ രക്ഷിപ്പാൻ തയ്യാറായ ദൈവം ദു:ഖിക്കുകയാണ് ചെയ്യുന്നതെന്ന തിരിച്ചറിവുപോലും നമുക്കില്ലാതെ പോകുകയാണ്. സാത്താന്റെ മായചന്തയ്ക്ക് സ്വീകരണമുറിയും, കിടപ്പുമുറിയുമൊക്കെ ഒരുക്കിക്കൊടുക്കുന്ന ക്രിസ്ത്യാനി എവിടേക്കുള്ള യാത്രയിലാണ്?

ദൈവമഹത്വം പടിയിറങ്ങിയ യെരുശലേം ദേവാലയത്തിന് അധിക നാൾ നിലനിൽക്കുവാൻ കഴിഞ്ഞില്ല. ദൈവത്തിന്റെ ദൃഷ്ടിക്കു പുറത്തായ ദൈവാലയം ബാബിലോൺ ചക്രവർത്തിയായിരുന്ന നെബുക്കദ്നേസറിന്റെ സൈന്യം കൊള്ളയടിച്ച് തീവെച്ച് ചുട്ടുകളഞ്ഞു (2രാജാ. 25: 9,10,12,15-17).

ദൈവമഹത്വം നഷ്ടപ്പെട്ട ഏതൊരിടവും അപകട മേഖലയിലാണ്. അത് വ്യക്തിയായാലും, കുടുംബമായാലും, സഭയായാലും, സമൂഹമായാലും ഒരുപോലെ തന്നെയാണ്. ഏലി പുരോഹിതന്റെ വാർദ്ധക്യ കാലമായപ്പോൾ യഹോവയുടെ വചനം ദുർലഭമായി, ദർശനം തീരെ ഇല്ലാതെയായി. പുരോഹിതന്റെ കണ്ണുകളും മങ്ങിത്തുടങ്ങിയിരുന്നു (1ശാമു. 2:12-17, 22). ഫെലിസ്ത്യരുമായുള്ള യുദ്ധത്തിൽ അവർ യഹോവയുടെ നിയമപെട്ടകവും എടുത്തിരുന്നു. ജനം അത്യുച്ചത്തിൽ

**മുന്നറിയിപ്പുകളെ ഒരിക്കലും അവഗണിക്കരുത്. രക്ഷിയ്ക്കപ്പെട്ട വ്യക്തി ദൈവസഭയിലെ അംഗമാണ്. അവൻ ദൈവരാജ്യത്തിലുള്ളിലാണ്. ലോകത്തിന് അനുരൂപനായി ജീവിക്കേണ്ടവനല്ല. ഈ വ്യക്തി, ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇവയൊന്നും ദൈവത്തിൽനിന്നും ഉള്ളതല്ല. പിന്നെയോ ലോകത്തിൽ നിന്നുള്ളതാണ്. നാം ലോകക്കാരല്ല, ദൈവം നമ്മെ ലോകത്തിൽനിന്നും തിരഞ്ഞെടുത്തതാണ്. ഇരുട്ടിന്റെ അധികാരത്തിൽ നിന്നും ദൈവമാണ് നമ്മെ വിടുവിച്ചു, പുത്രന്റെ രാജ്യത്തിലാക്കി വെച്ചത്. ഇനിയും നാം ലോകത്തേയും ലോകത്തിനുള്ളതിനേയും സ്നേഹിക്കരുത്.**

ദൈവാരാധന നടത്തി. പക്ഷേ പെട്ടകം ഫെലിസ്ത്യർ പിടിച്ചെടുത്തു. യിസ്രയേൽ യുദ്ധത്തിൽ തോറ്റു, തറപറ്റി. ഏലി പുരോഹിതന്റെ രണ്ടു മക്കളും കൊല്ലപ്പെട്ടു (1ശമു. 4:4-11). വിവരം അറിഞ്ഞ ഏലി പുരോഹിതൻ വീണു കഴുത്തൊടിഞ്ഞു മരിച്ചു (വാ.18). അത്യുച്ചത്തിൽ ദൈവത്തെ ആരാധിച്ചിട്ടും യഹോവയുടെ നിയമപെട്ടകം ഉണ്ടായിരുന്നിട്ടും യിസ്രയേൽ എന്തുകൊണ്ടാണ് തോറ്റു പോയത്. മരണാസന്നയായ ഏലിയുടെ മരുമകൾ അതിന്റെ കാരണം വിളിച്ചുപറഞ്ഞു ''മഹത്വം യിസ്രായേലിൽ നിന്നും പൊയ്പോയി''(വാ.21).

മുന്നറിയിപ്പുകളെ ഒരിക്കലും അവഗണിക്കരുത്. രക്ഷിയ്ക്കപ്പെട്ട വ്യക്തി ദൈവസഭയിലെ അംഗമാണ്. അവൻ ദൈവരാജ്യത്തിലുള്ളിലാണ്. ലോകത്തിന് അനുരൂപനായി ജീവിക്കേണ്ടവനല്ല. ഈ വ്യക്തി, ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇവയൊന്നും ദൈവത്തിൽ നിന്നും ഉള്ളതല്ല. പിന്നെയോ ലോകത്തിൽ നിന്നുള്ളതാണ്. നാം ലോകക്കാരല്ല, ദൈവം നമ്മെ ലോകത്തിൽനിന്നും തിരഞ്ഞെടുത്തതാണ്. ഇരുട്ടിന്റെ അധികാരത്തിൽ നിന്നും ദൈവമാണ് നമ്മെ വിടുവിച്ചു, പുത്രന്റെ രാജ്യത്തിലാക്കി വെച്ചത്. ഇനിയും നാം ലോകത്തേയും ലോകത്തിനുള്ളതിനേയും സ്നേഹിക്കരുത്. ലോകസ്നേഹം ദൈവത്തോട് ശത്രുത്വത്തിലാണെന്നു ബൈബിൾ പറയുന്നു. ലേകത്തിന്റെ സ്നേഹിതനാകുന്നവൻ ദൈവത്തിന്റെ ശത്രുവായി തീരുകയാണെന്ന തിരിച്ചറിവ് നാം ഉടൻ പ്രാപിക്കണം.

ഉടൻ ഒരു മടങ്ങിവരവാണ് നമുക്കാവശ്യമായിരിക്കുന്നത്. പന്നിയ്ക്കു നൽകാറുള്ള വാളവര തിന്നുവാനാഗ്രഹിച്ചിട്ടും അതുപോലും കിട്ടാതെവന്ന മുടിയൻ പുത്രന് സുബോധം വന്നതുപോലെ നമുക്കും ഒരു സുബോധം ആവശ്യമായി വന്നിരിക്കുകയാണ്.

കാലത്തിന്റെ കുത്തൊഴുക്കിൽപെട്ട് ഒലിച്ചുപോയ രാവിലേയും രാത്രിയിലുമുള്ള കുടുംബ പ്രാർത്ഥന മടക്കിക്കൊണ്ടു വരണം. അങ്ങനെ അറ്റുപോയ സ്നേഹത്തിന്റെ കണ്ണികൾ വിളക്കിച്ചേർക്കണം. പരസ്പര സ്നേഹവും, ദൈവത്തോടുള്ള സ്നേഹവും ശക്തിയാർജ്ജിച്ചു ജ്വലിക്കട്ടെ. കാഹളശബ്ദം അല്ലെങ്കിൽ മരണമണി ഏതു നിമിഷവും മുഴങ്ങാം. ഇതിലൊന്നു സംഭവിച്ചാൽ പിന്നെ അവസരമേയില്ല. ഇടക്കു വാതിലിലൂടെ കടന്ന് ഇടുക്കവും ഞെരുക്കവുമുള്ള വഴിയേയാണ് നാം യാത്ര ചെയ്യേണ്ടത്. ഈ ഇടുക്കവും ഞെരുക്കവുമൊന്നും നമ്മെ ക്ഷീണിപ്പിക്കുവാൻ പര്യാപ്തമല്ല. കാരണം, ഒരു ദൈവപൈതലിന്റെ ഹൃദയത്തിൽ സീയോനിലേക്കുള്ള പെരുവഴിയാണ് നിറഞ്ഞു നിൽക്കുന്നത്. കാഴ്ചയാലല്ല വിശ്വാസത്താലാണ് അവർ ജീവിക്കുന്നത്.

നഷ്ടപ്പെട്ട സമയങ്ങൾ നമുക്ക് തിരികെ ലഭിക്കില്ലെങ്കിലും, നഷ്ടപ്പെട്ടതെല്ലാം തിരികെ തരുവാൻ ദൈവം വിശ്വസ്തനാണ്. രക്ഷയുടെ സന്തോഷം ഇല്ലാതെ നാം ജീവിക്കേണ്ടവരല്ല. നമ്മിൽ നല്ല പ്രവർത്തി ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികയ്ക്കാൻ വിശ്വസ്തനാണ്. അതുകൊണ്ട്, നാം മടങ്ങിവരുകയാണ് ചെയ്യേണ്ടത്. അപ്പോൾ ദൈവവും നമ്മുടെ അടുത്ത് മടങ്ങിവരും. ഹൃദയ വാതിലിൽ അവൻ മുട്ടുന്ന ശബ്ദം ഇനിയും നാം അവഗണിക്കരുത്. ദൈവം വേണ്ട കൃപയും ശക്തിയും നൽകും. ദൈവം നമ്മെ സഹായിക്കട്ടെ.

(തുടരും........

## പി.വൈ.സി.ഡി കോഫറൻസിന് അനുഗ്രഹ സമാപ്തി

**ഡാളസ്:** ഡാളസിലുള്ള പെന്തക്കോസ്തു സഭകളുടെ പൊതു യുവജന കൂ'ായ്മയായ പി.വൈ.സി.ഡിയുടെ 36-മത് കോഫറൻസ് സമാപിച്ചു. 2017 ഒക്ടോബർ 27 മുതൽ 29 വരെ നടക്കു കോഫറൻസ് വിശ്വാസികളുടെ പങ്കാളിത്വം കൊണ്ട് ശ്രദ്ധേയമായി. വെള്ളി, ശനി ദിവസങ്ങളിൽ മെട്രോ ചർച്ച് ഓഫ് ഗോഡിൽ കോഫറൻസും, എൽസ്മാൻ സെന്റർ ഓഡിറ്റോറിയത്തിൽ സംയുക്ത സഭായോഗവും നടു. പാസ്റ്റർ ജോഷ ജോസ് മുഖ്യ പ്രസംഗകനായിരിു. പാസ്റ്റേഴ്സ് റെനി ചെറിയാൻ, തോമസ് മുല്ലക്കൽ തുടങ്ങിയവർ വിവിധ സെക്ഷനുകളിൽ അദ്ധ്യക്ഷം വഹിച്ചു. പാസ്റ്റർ സതീഷ്കുമാർ കർത്തൃമേശ ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുത്തു. സിറ്റിയിലെ വിവിവധ സഭകളിലുള്ള ക്വയർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുത്തു. പി.വൈ.സി.ഡി അംഗത്വമുള്ള 30 സഭകളിലെ 10 വർഷം ശുശ്രൂഷ നിർവഹിച്ച ശുശ്രൂഷകന്മാർത്ത് ഫലകം നൽകി സമ്മേളനത്തിൽ ആദരിച്ചു. പി.വൈ.സി.ഡി യുടെ പ്രവർത്തനങ്ങൾക്ക് ബിജു തോമസ് പ്രസിഡന്റ്, ഷോണി തോമസ് കോർഡിനേറ്റർ, അലൻ മാത്യു ട്രഷർ എിവരുടെ നേതൃത്വത്തിലുള്ള കമ്മറ്റി നേതയത്വം കോടുത്തു.

## ചിൽഡ്രൻസ് ഫെസ്റ്റ് തീം റിലീസ് ചെയ്തു

**തിരുവല്ല:** തിമഥി ഇൻസ്റ്റിട്യൂട്ടിന്റെ ഢആട സിലബസായ ചിൽഡ്രൻസ് ഫെസ്റ്റിന്റെ പുതിയ തീം "THE GREAT I AM' പ്രകാശനം ചെയ്തു.

ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരളാ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി. തോമസ്, പാസ്റ്റർ ജെ. ജോസഫിന്(കൗൺസിൽ സെക്രട്ടറി) ലോഗോ നല്കിയാണ് പ്രകാശനം നിർവ്വഹിച്ചത്. സഭാ ആസ്ഥാനമായ മുളക്കുഴയിൽ നവംബർ 28ന് നടന്ന പ്രത്യേക സമ്മേളനത്തിലാണ് ചിന്താവിഷയം പ്രകാശനം ചെയ്തത്. യേശുവിന്റെ അതുല്യമായ അഞ്ച് ജീവിത വെളിപ്പെടുത്തലുകൾ അടങ്ങിയതാണ് തീം.

ബാലസുവിശേഷീകരണത്തിൽ 17 വർഷങ്ങൾ പൂർത്തീകരിക്കുന്ന തിമഥി ഇൻസ്ററിട്യൂട്ടിന്റെ 11-ാമത് സിലബസാണ് 'ദ ഗ്രേറ്റ് ഐ ആം'. കേരളത്തിൽ ആറു മേഖലകളിലായി ദ്വിദിന ട്രെയ്നിഗുകളും എല്ലാ ജില്ലകളിലും ഏകദിന ട്രെയ്നിഗുകളും 2018 ഫെബ്രുവരി മാർച്ച് മാസങ്ങളിലായി നടക്കും. ഒരേ സമയം 4 ഭാഷകളിൽ സിലബസ് പുറത്തിറങ്ങും. കേരളത്തിന് അകത്തും പുറത്തുമായി നൂറുകണക്കിന് കേന്ദ്രങ്ങളിൽ ഫെസ്റ്റുകൾ നടക്കും. മദ്ധ്യവേനൽ അവധിക്കാലത്ത് കേരളത്തിലുടനീളം ആയിരക്കണക്കിന് കുഞ്ഞുങ്ങൾക്ക് യേശുവിനെ പകർന്നു നല്കുന്ന ശുശ്രൂഷക്കായി വിപുലമായ ക്രമീകരണങ്ങളാണ് ചെയ്തിരിക്കുന്നത്. വ്യത്യസ്തമായ പഠനരീതിയും സൂപ്പർ ഹിറ്റ് ഗാനങ്ങളും, കഥകളും, ഗെയിമുകളും, വാക്യ പഠനവും, ക്രാഫ്റ്റ് വർക്കുകളും, വർക്കു ബുക്കുകളും, മിഷനറിമാരുടെ ജീവിത അനുഭവങ്ങളും ഫെസ്റ്റിന്റെ ദിനങ്ങൾക്ക് നിറം പകരും. കൂടുതൽ വിവരങ്ങൾക്കും ചിൽഡ്രൻസ് ഫെസ്റ്റ് ബുക്കിഗിനും ബന്ധപ്പെടുക: 9656217909, 9745647909

## 69-ാമത് കരിയംപ്ലാവ് കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു

**കരിയംപ്ലാവ്:** 2018 ജനുവരി 8 മുതൽ നടക്കുന്ന WME സഭകളുടെ 69-ാമത് ദേശീയ ജനറൽ കൺവൻഷന്റെ ഒരുക്കങ്ങൾ കരിയംപ്ലാവ് ഹെബ്രോൻ സ്റ്റേഡിയത്തിൽ ആരംഭിച്ചു. ജനറൽ പ്രസിഡന്റ് പാസ്റ്റർ ഒ. എം. രാജുക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന നാഷണൽ പ്രസ്ബിറ്ററിയും ജനറൽ കൗൺസിലും ഒരുക്കങ്ങൾ വിലയിരുത്തി. 1948-ൽ ചെറിയ തോതിൽ ആരംഭിച്ച കരിയംപ്ലാവ് കൺവൻഷൻ ഇത്രത്തോളം വളരുവാൻ സഹായിച്ച ദൈവത്തിന് സ്തോത്രങ്ങൾ അർപ്പിച്ചുകൊണ്ട് പാസ്റ്റർ കെ. എം. പൗലോസിന്റെ പ്രാർത്ഥനയോടെയാണ് കൗൺസിൽയോഗം ആരംഭിച്ചത്. ഈ വർഷവും കൺവൻഷന്റെ വിജയകരമായ നടത്തിപ്പുകൾക്കായി വിപുലമായ ക്രമീകരണങ്ങളാണു ചെയ്യുന്നത്. കൺവൻഷൻ സ്ഥിരം സ്റ്റേജിന്റെയും വാട്ടർ ടാങ്കിന്റെയും നിർമ്മാണം ധൃതഗതിയിൽ നടന്നുവരുന്നു. വിശാലമായ പന്തൽ, വലുതും ചെറുതുമായ വാഹനങ്ങൾക്കു പ്രത്യേകം പാർക്കിംഗ് സൗകര്യം, അഞ്ഞൂറു പേർക്ക് ഇരുന്നു ഭക്ഷിക്കാവുന്ന ഭക്ഷണശാല എന്നിവയു



ടെ ഒരുക്കങ്ങളും ആരംഭിച്ചു. സംബന്ധിക്കുന്ന മുഴുവൻ വിശ്വാസികൾക്കും ഉച്ചയ്ക്കും വൈകിട്ടും ഭക്ഷണം നൽകുവാനുള്ള ക്രമീകരണം ചെയ്യുന്നതിനായി ഫുഡ് കമ്മറ്റിയെ ചുമതലപ്പെടുത്തി.

വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന വിശ്വാസികളും ഇൻഡ്യയ്ക്കു പുറമെ അമേരിക്ക, യൂറോപ്പ്, ഗൾഫ് എന്നിവിടങ്ങളിൽ നിന്നെത്തുന്ന വിശ്വാസികളും പങ്കെടുക്കും. പാസ്റ്റർ സി. പി. ഐസക് ജനറൽ കൺവീനറായി 101 പേരടങ്ങുന്ന കമ്മറ്റി പ്രവർത്തനമാരംഭിച്ചു. വിവിധ സബ് കമ്മറ്റി കൺവീനർമാരായി പാസ്റ്റർമാരായ സി. പി. ഐസക് (ഫിനാൻസ്), കെ. ജി. പ്രസാദ് (ഹോസ്റ്റ്), ജെയിംസ് വി. ഫിലിപ്പ് (പ്രോഗ്രാം), ജി. ഗബ്രിയേൽ, സി. എം. സാബു (പ്രെയർ), എൻ. ജെ. ജോസഫ് (ട്രാൻസ്പോർട്ട്), കെ. ജി. പ്രസാദ് (ലൈറ്റ് & സൗണ്ട്), സജി ചെറിയാൻ (പബ്ലിസിറ്റി), സൂസൻ രാജുക്കുട്ടി (ഫുഡ് & അക്കോമഡേഷൻ), കെ. ജെ. ജോസഫ് (സാനിട്ടേഷൻ), വി. ജെ. സാംകുട്ടി (റിസപ്ഷൻ), കുഞ്ഞുമോൾ തോമസ് (വോളന്റിയേഴ്സ്-സ്ത്രീവിഭാഗം) എന്നിവരെ തിരഞ്ഞെടുത്തു. വിവിധ പെന്തെക്കോസ്ത് സഭാനേതാക്കളും ജനപ്രതിനിധികളും സാമൂഹ്യ സാംസ്കാരിക നേതാക്കളും പങ്കെടുക്കും.

പൊതുയോഗങ്ങൾ, പവ്വർ കോൺഫറൻസുകൾ, ബൈബിൾ സ്റ്റഡി, പ്രതിനിധി സമ്മേളനം, സഹോദരീ സമ്മേളനം, സണ്ടേസ്ക്കൂൾ-യുവജന സമ്മേളനങ്ങൾ, മിഷ്യനറി സമ്മേളനം, പെന്തെക്കോസ്ത് ഐക്യ സമ്മേളനം, സ്നാന ശുശ്രൂഷ, സംയുക്ത ആരാധന, കർത്തൃമേശ എന്നിവ ഉണ്ടായിരിക്കും. ന് മിഷ്യനറി സമ്മേളനം എന്നിവകൾ നടക്കും. ഞായറാഴ്ച രാവിലെ 9-നു കർത്തൃമേശയും സംയുക്ത ആരാധനയും നടക്കും.


# ഗ്രേയ്സ് ഗ്രാഫിക്സ്, വെണ്ണിക്കുളം

സഭകൾക്ക് ആവശ്യമായ പാട്ട് പുസ്തകം, പുസ്തകങ്ങൾ, നോട്ടീസ്, സപ്ലിമെന്റ്, ക്രിസ്തീയപത്രം, ബിൽ ബുക്ക്, മുതലായവ ഉത്തരവാദിത്വത്തോടെ ചെയ്തുകൊടുക്കുന്നു. കൂടുതൽ അറിയുവാൻ

പാസ്റ്റർ റെന്നി ഇടപ്പറമ്പിൽ 09446625996


# ഗ്രെയ്സ് തിയോളജിക്കൽ കോളേജിന്റെ രണ്ടാം ബാച്ചിന്റെ ഗ്രാജുവേഷൻ സർവ്വീസ്– ക്യാമറ കണ്ണിലൂടെ...



കോളേജ് അദ്ധ്യാപകരിൽ ചിലർ




പാസ്റ്റർ ജോൺസൺ തോമസ് പ്രാർത്ഥിക്കുന്നു




ആരാധനയ്ക്ക് നേതൃത്വം കൊടുക്കുന്നു.



പ്രിൻസിപ്പാൾ: റവ. റോയി ബേബി ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കുന്നു.



രജിസ്ട്രാർ പാ.ബെൻസൺ വി. യോഹന്നാൻ ബൈബിൾ വായിക്കുന്നു.



ചീഫ് ഗസ്റ്റ്: റവ. കോശി ഉമ്മൻ
ദൈവവചനത്തിൽ നിന്നും സംസാരിക്കുന്നു.

## ദൈവം തന്ന ഈ മിനിസ്ട്രിയെ ഓർത്ത് പ്രാർത്ഥിക്കുക...





നടത്തിയ ദൈവത്തിനു ഒരായിരം നന്ദി അർപ്പണവുമായി



പങ്കാളികൾ



ഒമാൻ ഡയറക്ടർ: പാ. റെനി തങ്കച്ചൻ



അക്കാഡമിക്ക് ഡീൻ: പാ. ജോൺ മാമ്മൻ



വിദ്യാർത്ഥികളുടെ ഭാഗത്ത് നിന്നും പ്രസംഗം



വിദ്യാർത്ഥികളെ അനുഗ്രഹിച്ച് പ്രാർത്ഥിക്കുന്നു:പാ. ഷാജി വെണ്ണിക്കുളം




സമാപന പ്രാർത്ഥന: പാ. തോമസ്കുട്ടി (ജനറൽ സെക്രട്ടറി)




ആശംസകൾ: റവ. തോമസ് ഫിലിപ്പ് പായിപ്പാട്




ആശിർവാദത്തോടെ..... റവ. പി.പി. മാത്യൂ

# സ്പോൺസറെ ആവശ്യമുണ്ട്

ഗ്രെയ്സ് തിയോളജിക്കൽ കോളേജിൽ ദൈവമക്കൾ ദൈവവചനം പഠനം നടത്തുവാനായി മുമ്പോട്ട് വരുന്നു. എന്നാൽ C.Th, Dip.Th, B.Th തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധാരാളം പാഠപുസ്തകങ്ങൾ പ്രിന്റ് ചെയ്തു സമയത്ത് തന്നെ പോസ്റ്റൽ വഴി എത്തിക്കണം. പാഠപുസ്തകങ്ങൾ സ്പോൺസർ ചെയ്യുവാൻ താല്പര്യമുള്ള ദൈവമക്കളെ ഞങ്ങൾക്ക് ആവശ്യമുണ്ട്. ഞങ്ങൾ ചെയ്യുന്ന ഈ പ്രവർത്തനത്തെ ഒരു പടി സഹായം ചെയ്യുവാൻ ആഗ്രഹിക്കുന്നവർ ഇന്നു തന്നെ വിളിക്കുക. നിങ്ങളുടെ എത്ര ചെറിയ സഹായവും ഞങ്ങൾക്ക് വലുതാണ്...

പാസ്റ്റർ റെന്നി ജോൺ (റെന്നി ഇടപ്പറമ്പിൽ)
ഫോൺ: 0469 275 1000/09446625996

1 –ാം പേജിൽ നിന്നും തുടർച്ച

താക്കളുമായി മധ്യ തിരുവിതാംകൂറിന്റെ ആത്മീയ ചരിത്രത്തിന് പുത്തൻ ഏടുകൾ തീർക്കുന്നതാകും ''ഒന്നായ് പാടാം യേശുവിനായ്'' സംഗീതമഹാസംഗമം.

നവീകരണത്തിന്റെ സംഘടിത മുന്നേറ്റത്തിനിടെ ദൈവവചനത്തിന്റെയും സത്യസുവിശേഷത്തിന്റെയും ഉൾക്കാമ്പുകൾ ഹൃദയത്തിൽ ഏറ്റുവാങ്ങി രൂപാന്തരത്തിന്റെ സൗമ്യഭാവമായി മാറിയ ജനസമൂഹത്തിന്റെ ആരാധനയിൽ സന്തോഷത്തിന്റെ കൊണ്ടാട്ടം ഒരുക്കിയത് സംഗീതമാണ്.

ദൈവത്തിങ്കലേക്ക് മാത്രം കണ്ണുകൾ ഉയർത്തി പ്രാർത്ഥനാപൂർവ്വം മുന്നേറിയ പിതാക്കന്മാരുടെയും മാതാക്കളുടെയും കണ്ണീരും വിയർപ്പും വീണ മലങ്കരയിലെ മണ്ണിൽ ആത്മാക്കൾ രൂപം കൊണ്ടു. ഊഷരമായിരിക്കുന്ന കനൽക്കാറ്റുകൾ അവരുടെ ഹൃദയതന്ത്രികളെ തൊട്ടുണർത്തിയപ്പോൾ അടർന്ന് വീണ വരികൾ ആയിരങ്ങളുടെ ആരാധനാഗീതങ്ങളായി മാറി. നൂറ്റാണ്ട് കഴിഞ്ഞിട്ടും പുതുമ നഷ്ടപ്പെടാത്ത ആ ഗാനങ്ങളുടെ നവ്യാവിഷ്കാരമാണ് 2018 ഏപ്രിൽ ഒന്നിന് ഈസ്റ്റർ സന്ധ്യയിൽ തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ അരങ്ങേറുന്നത്.

മഹാകവി കെ.വി. സൈമൺ, മധുരഗായകൻ എം.ഇ. ചെറിയാൻ, ടി.കെ. സാമുവൽ, സാധു കൊച്ചുകുഞ്ഞ് ഉപദേശി, അന്നമ്മ മാമ്മൻ, സി.എസ്. മാത്യു, ഇ.വി. വർഗീസ്, വി. നാഗൽ, ജെ.വി. പീറ്റർ തുടങ്ങിയ മൺമറഞ്ഞ ഭക്തന്മാരുടെ നാവിൽ നിന്നും അടർന്ന് വീണ വരികൾ ഇന്നും ലക്ഷങ്ങൾ ഏറ്റു പാടുമ്പോൾ അതിന്റെ അനുഭവങ്ങളിലൂടെയുള്ള പൂർവ്വകാലയാത്ര കൂടിയാകും ''ഒന്നായ് പാടാം യേശുവിനായ്''.

ഏറ്റു പാടാനുള്ളതാണെന്ന ബോധ്യമില്ലാതെയാണ് അവരുടെ അന്തർഭാഗത്തിലൂടെ ഈ വരികൾ ഉയർന്നത്. ശൂന്യത മുന്നിൽ കണ്ട് പ്രതിബന്ധങ്ങളെയും ആക്ഷേപങ്ങളെയും അതിജീവിച്ച് ആ സമൂഹം മുന്നേറിയപ്പോൾ നവസമൂഹത്തിന് വേണ്ടി ജീവാർപ്പണം ചെയ്ത പിതാമഹന്മാർക്കുള്ള സ്മരണാഞ്ജലി കൂടിയാണിത്.

ആയിരം സംഗീതജ്ഞർ ഏപ്രിൽ ഒന്നിന് (ഞായർ) വൈകിട്ട് അഞ്ചിന് തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ അണിനിരക്കും. അഞ്ചു ഗാനങ്ങൾ വീതമുള്ള മൂന്ന് പരമ്പരകൾക്കിടെ പ്രമുഖ സംഗീതജ്ഞൻ സ്റ്റീഫൻ ദേവസ്യ, ഗായകരായ ജോളി, ഡോ. ബ്ലെസൻ മേമന തുടങ്ങിയവരുടെ സാന്നിധ്യവും സംഗീതസന്ധ്യയ്ക്ക് മാറ്റ് കൂട്ടും. പവർവിഷൻ ചാനൽ ചെയർമാൻ റവ. ഡോ. കെ.സി. ജോൺ ലഘുസന്ദേശം നൽകും.

റവ. ഡോ. കെ.സി. ജോൺ (രക്ഷാധികാരി), എൻ.എം. രാജു (ചെയർമാൻ), റ്റി.എം. മാത്യു (ജനറൽ കൺവീനർ), ഭക്തവൽസലൻ (മ്യൂസിക് ജനറൽ കൺവീനർ), ജോജി ഐപ്പ് മാത്യൂസ് (സെക്രട്ടറി), സാം റ്റി. മുഖത്തല, ബിന്നി മാത്യു (മ്യൂസിക് കൺവീനർ), ബിനു വടശേരിക്കര (പ്രോഗ്രാം കൺവീനർ) എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി പ്രാഥമിക പ്രവർത്തനങ്ങൾ തുടങ്ങി. വിപുലമായ ക്രമീകരണങ്ങൾക്കായി ഡിസംബർ അവസാനം ജനറൽ കമ്മിറ്റി രൂപീകരണം നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

2 –ാം പേജിൽ നിന്ന്

പാസ്റ്റർമാരായ ജോയി.പിളമ്മൻ, കെ.പി.ടെറ്റസ്, കെ.വി.ഏബ്രഹാം, മോനി മാത്യു, ബെഞ്ചമിൻ തോമസ്, വിൽസൺ ജോസ്, ഡോ. ജോമോൻ കെ. ജോർജ്, തോമസ് കിടങ്ങാലിൽ, തോമസ് കുര്യൻ, സിസിൽ മാത്യൂ, ജോൺ ജോൺസൺ, ജെയിംസ് ഏബ്രഹാം, കുഞ്ഞുമോൻ ശാമുവേൽ, തോമസ് വർഗീസ്, വർഗീസ് ഫിലിപ്പ്, ജോമോൻ ഗീവർഗീസ്, സജി തട്ടയിൽ, ഫിലിപ്പ് ഡാനിയേൽ തുടങ്ങിയവർ ആശംസ പ്രസംഗങ്ങൾ നടത്തി.

ഡിസംബർ മാസത്തിലെ പ്രമോഷണൽ യോഗങ്ങൾക്ക് രണ്ടാം തീയതി ശനിയാഴ്ച കാനഡയിൽ തുടക്കമാകും. ടൊറന്റോ സയോൺ ഗോസ്പൽ അസംബ്ലിയിൽ വൈകിട്ട് 6 മണിക്ക് നടത്തപ്പെടുന്ന സമ്മേളനത്തിൽ സ്റ്റേറ്റ് പ്രതിനിധി ബിജു സാം നേതൃത്വം നൽകും. പി.സി.എൻ.എ.കെ കോൺഫ്രൻസിൽ സംബദ്ധിക്കുവാൻ ആഗ്രഹിക്കുന്ന, കാനഡയിലും പരിസര പ്രദേശങ്ങളിലുമുള്ള സഭാ വിശ്വാസികൾ യോഗത്തിൽ പങ്കെടുത്ത് സൗജന്യ നിരക്കിലുള്ള രജിസ്ട്രേഷൻ റിസർവ്വ് ചെയ്യണമെന്ന് ഭാരവാഹികൾ അഭ്യർത്ഥിച്ചു.

പലതരത്തിലും പുതുമകൾ ഉൾക്കൊള്ളുന്ന ഈ കോൺഫ്രൻസ് പെന്തക്കസ്ത് അനുഭവങ്ങളിലേക്ക് വിശ്വാസ സമൂഹം മടങ്ങി വരേണ്ടതിനും അവരുടെ ആത്മീയ ഉത്തേജനത്തിനു ഊന്നൽ നൽകുന്നതുമായിരിക്കുമെന്നു സംഘാടകർ അറിയിച്ചു. ബോസ്റ്റൺ സ്പ്രിങ്ഫീൽഡിലു ള്ള പ്രസിദ്ധമായ മാസ് മ്യൂച്ചൽ കൺവൻഷൻ സെന്ററിലാണ് 36 മത് പി.സി. എൻ.എ.കെ സമ്മേളനം നടത്തപ്പെടുന്നത്. വിസ്തൃതമായ പ്രോഗ്രാമുകൾ, മികച്ച താമസ– ഭക്ഷണ– യാത്ര സൗകര്യങ്ങൾ തുടങ്ങിയവ മഹായോഗത്തോട് അനുബന്ധിച്ച്, കുറ്റമറ്റ രീതിയിൽ ക്രമീകരിക്കുന്നതിനായി നാഷണൽ – ലോക്കൽ കമ്മറ്റികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതായി മീഡിയ കോർഡിനേറ്റർ നിബു വെള്ളവന്താനം അറിയിച്ചു.

നോർത്ത് അമേരിക്കയിലും കാനഡയിലുമായി ചിതറിപാർക്കുന്ന പെന്തക്കോസ്തുകാരായ ദൈവജനത്തിന്റെ കൂട്ടായ്മയായ പി.സി.എൻ.എ.കെ. കേരളത്തിനു പുറത്ത്, വിദേശ രാജ്യങ്ങളിൽ നടത്തപ്പെടുന്ന ഏറ്റവും വലിയ മലയാളി പെന്തക്കോസ്ത് സംഗമമാണ്. സമ്മേളനം അനുഗ്രഹകരമായിത്തീരാനും വിശ്വാസികൾ പങ്കെടുക്കുവാനും, പ്രാർത്ഥിക്കുവാനും ഭാരവാഹികൾ അഭ്യർത്ഥിക്കുന്നു. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും –www.pcnak2018.org

## ''ഒന്നായ് പാടാം യേശുവിനായ്'' ശബ്ദപരിശോധന

**തിരുവല്ല:** 2018 ഏപ്രിൽ ഒന്നിന് തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ നടക്കുന്ന ''ഒന്നായ് പാടാം യേശുവിനായ്'' സംഗീത മഹാസംഗമത്തിലേക്കുള്ള ഗായകരെ തിരഞ്ഞെടുക്കുന്നതിനുള്ള ശബ്ദപരിശോധന കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലായി ജനുവരി 30ന് മുൻപ് നടക്കും. സംഗീതത്തോട് താൽപര്യമുള്ള യുവതീയുവാക്കളും വിദ്യാർത്ഥികളും സഭാപാസ്റ്ററുടെയും രക്ഷിതാക്കളുടെയും ശുപാർശയോടെ പൂരിപ്പിച്ച ഫോമുകൾ ഡിസംബർ 30ന് മുൻപ് തിരികെ നൽകണം. ഫോമുകൾ ആവശ്യമുള്ളവർ onnai padam yeshuvinayi എന്ന ഫേസ്ബുക്ക് പേജിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ഫോൺ: 07829344049, 9446392303, 9495834994, 9496325855.

തിരുവല്ല, കോട്ടയം, റാന്നി, കോഴഞ്ചേരി, പത്തനംതിട്ട, മാവേലിക്കര, ചെങ്ങന്നൂർ, ആലപ്പുഴ, കൊട്ടാരക്കര, പന്തളം, അടൂർ, പത്തനാപുരം, കൊല്ലം, തിരുവനന്തപുരം, കൊച്ചി തുടങ്ങിയ സ്ഥലങ്ങളിൽ ശബ്ദപരിശോധനകൾ നടക്കും. അതത് സ്ഥലങ്ങളിലെ മ്യൂസിക് ലീഡേഴ്സിന്റെ ചുമതലയിലാകും തിരഞ്ഞെടുപ്പ് നടക്കുന്നത്. ആയിരം പേർ ചേർന്നുള്ള അവസാനഘട്ടപരിശീലനം മാർച്ച് അവസാനം തിരുവല്ലയിൽ നടക്കും. നൂറ് പേര് വീതമുള്ള സംഘമാകും പ്രാദേശികതലത്തിൽ ആദ്യഘട്ടപരിശീലനം നടത്തുന്നതെന്ന് ചെയർമാൻ എൻ.എം. രാജു, മ്യൂസിക് കൺവീനർ ഭക്തവൽസലൻ എന്നിവർ അറിയിച്ചു.

**ജോജി ഐപ്പ് മാത്യൂസ്**

**ബൈബിൾ പഠനം**

# ഗിലയാദു മുതൽ ഹോരേബു വരെ: ഏലിയാവ്



**പാസ്റ്റർ തോംസൺ കൈതമംഗലം**

**തീ**ച്ചൂള, സിംഹക്കുഴി, പൊട്ടക്കിണർ, ജയിലറ ഈർച്ചവാൾ തുടങ്ങിയ ചൂടേറിയ മരുഭൂമിയുടെ അവസ്ഥകളിൽ ആയിരുന്നു അവരൊക്കേയും ദൈവത്തേ അനുഭവിച്ചറിഞ്ഞതും ദൈവത്തിൽ നിന്നു പ്രാപിച്ചതും പഠിച്ചതും.

വാർദ്ധക്യത്തിൽ പിറന്ന മകനെന്ന നിലയിൽ വീട്ടുകാരുടേയും നാട്ടുകാരുടേയും സ്നേഹ പരി ലാളനകൾ ഏറ്റുവാങ്ങി സ്വന്തം ഭവനത്തിൽ മാതാപിതാക്കളോടൊപ്പം സുഖമായി കഴിഞ്ഞിരുന്ന യോഹന്നാനേ വൈദവം അവിടെ നിന്നു വിളിച്ചിറക്കി യഹൂദാ മരുഭൂമിയിൽ കൊണ്ടുവന്നാക്കി യ ശേഷം ആയിരുന്നു അരുളപ്പാടുകൾ അറിയിച്ചത്.

ലേവ്യാ പൗരോഹിത്യ പാരമ്പര്യമോ പുരോഹിത പുത്രൻ എന്നുള്ള പദവിയോ അമ്മയുടെ ഉദരത്തിൽ വെച്ചു പരിശുദ്ധാത്വിനേ പ്രാപിച്ചവൻ എന്നുള്ള യോഗ്യതെയോ ഒന്നും ദൈവീക ശുശ്രൂഷക്കുള്ള യോഗ്യതയായി ദൈവം കണക്കിലെടുത്തില്ല.

ഹെരോദാവു ഗിലീലയിലും ...ഹന്നാവും കയ്യഫാവും മഹാപുരോഹിതന്മാരായും ഇരിക്കും കാലം സെഖര്യാവിന്റെ മകനായ യോഹന്നാനു മരുഭൂമിയിൽവെച്ചു ദൈവത്തിന്റെ അരുളപ്പാ ടുണ്ടായിത്മ. ലൂക്കോസ് 3.2

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവു തന്നെയും യോർദ്ദാനിൽ യോഹന്നാന്റെ കൈക്കീഴിൽ സ്നാനമേറ്റ ശേഷം തുടർന്നുള്ള മൂന്നര വർഷത്തെ പരസ്യ ശുശ്രൂഷക്കു മുമ്പായി നേരേ പോയത് യഹൂദാ മരുഭൂമിയിലേക്കായിരുന്നു.

ഉപവാസത്തിലും പ്രാർത്ഥനയിലും പിതാവായ ദൈവവുമായുള്ള സംസർഗത്തിലും നാൽപതു നാൾ മരുഭൂമിയിൽ കഴിഞ്ഞ കർത്താവ് ആത്മാവിന്റെ ശക്തിയോടെ ആയിരുന്നു അൽഭുതങ്ങളുടെ ശുശ്രൂഷക്കായി അവിടെ നിന്നും ഗലീല പ്രദേശങ്ങളിലേക്കു വാങ്ങിപ്പോയത്.

**പൗലോസിന്റെ ഈ പ്രസ്ഥാവന, കാശിനും കൊള്ളത്ത കടലാസു കക്ഷണങ്ങൾക്കു പുറകേ പോകുന്ന സുവിശേഷ വേലക്കാർക്കും വല്ലവരുടേയും പ്രസംഗം കോപ്പിയടിച്ചു ജനത്തിനു കൈ മാറുന്ന പ്രസംഗകന്മാർക്കും ഇന്റെർനെറ്റിൽ നിന്നും പോയിന്റുകൾ കടമെടുത്തു കൂട്ടിയിണക്കി സ്റ്റേജു തകർക്കുന്ന ഉൺർവ്വു വീരന്മാർക്കും ഒരു മുന്നറിയിപ്പായിരിക്കട്ടെ. നീ എഴുന്നേറ്റു ജാലി രാജിവെച്ച് എന്റെ വേലക്കായി വടക്കേ ഇൻഡ്യയിലേക്കു പോകുക എന്നായിരുന്നു ദൈവശബ്ദം. ദൈവീക അരുളപ്പാടനുസരിച്ചു ജാലി രാജിവെച്ച് ഇൻഡ്യയിൽ മടങ്ങിയെത്തിയ ശേഷം കുടുംബമായി എത്തിച്ചേർന്നതും മുൻപൊരിക്കലും മനസ്സിൽ ചിന്തിക്കുക പോലും ചെയ്തിട്ടില്ലായിരുന്ന മരുഭൂമിയിൽ തന്നെ.**

ഗലാത്യർക്കു ലേഖനം എഴുതുമ്പോൾ തനിക്കു ലഭിച്ച ആത്മീയ ശുശ്രൂഷയുടെ കാര്യം പൗ ലോസ് അപ്പോസ്തോലൻ പ്രത്യേകം എടുത്തു പറയുന്നണ്ട്. ണ്ഡസഹോദരന്മാരേ ഞാൻ അറിയിച്ച സുവിശേഷം മാനുഷമല്ല എന്നു നിങ്ങളേ ഓർപ്പിക്കുന്നു. അതു ഞാൻ മനുഷ്യരോടു പ്രാപി ച്ചിട്ടില്ല, പഠിച്ചുട്ടുമില്ല. യേശുക്രിസ്തുവിന്റെ വെളിപ്പാടിനാൽ അത്രേ പ്രാപിച്ചത്ത്മ.

തന്റെ പുത്രനേക്കുറിച്ചുള്ള സുവിശേഷം ഞാൻ ജാതികളുടെ ഇടയിൽ അറിയിക്കേണ്ടതിനു അവനേ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ ഞാൻ മാംസരക്തങ്ങളോട് ആലോചി ക്കുകയോ എനിക്കു മുമ്പേ അപ്പോസ്തോലന്മാർ ആയവരുടെ അടുക്കൽ യെരുശലേമിലേക്കു പോകുകയോ ചെയ്യാതെ നേരേ അറബിയിലേക്കു (അറേബ്യാ മരുഭൂമിയിലേക്കു) പോകുകയും ദമസ്കോസിലേക്കു മടങ്ങി പോരുകയും ചെയ്തുത്മ.

പൗലോസിന്റെ ഈ പ്രസ്ഥാവന, കാശിനും കൊള്ളത്ത കടലാസു കക്ഷണങ്ങൾക്കു പുറകേ പോകുന്ന സുവിശേഷ വേലക്കാർക്കും വല്ലവരുടേയും പ്രസംഗം കോപ്പിയടിച്ചു ജനത്തിനു കൈ മാറുന്ന പ്രസംഗകന്മാർക്കും ഇന്റെർനെറ്റിൽ നിന്നും പോയിന്റുകൾ കടമെടുത്തു കൂട്ടിയിണക്കി സ്റ്റേജു തകർക്കുന്ന ഉൺർവ്വു വീരന്മാർക്കും ഒരു മുന്നറിയിപ്പായിരിക്കട്ടെ.

യെരുശലേമിൽ അപ്പോസ്തോലന്മാരുടെ മുമ്പിൽ ചെന്നു മുട്ടുകുത്തി കൈയ്വെപ്പു വാങ്ങുവാനോ ജാതികളുടെ ഇടയിൽ സുവിശേഷം പ്രസംഗിക്കുന്നതിന് അവരിൽ നിന്നും അധികാര പത്രം വാങ്ങുവാനോ പൗലോസ് അപ്പോസ്തോലൻ മിനക്കെട്ടില്ല എന്നു മാത്രമല്ല, അങ്ങനെ ഒരു രീതി അന്ന് ദൈവസഭയിൽ ഇല്ലായിരുന്നു താനും.

ദൈവത്തിന്റെ സമയം ആയപ്പോൾ പരിശുദ്ധാത്മാവിന്റെ നിയോഗപ്രകാരം പൗലോസിന്റെ മേൽ കൈവെച്ചു ശുശ്രൂഷക്കു വേർതിരിച്ച് അയച്ചത് ദൈവ സന്നിധിയിൽ ഉപവാസത്തിലും പ്രാർത്ഥനയിലും കഴിഞ്ഞിരുന്ന അന്ത്യോക്യയിലെ കൃപ പ്രാപിച്ച ദൈവമക്കൾ അഥവാ ദൈവ സഭ ആയിരുന്നു.

അവർ കർത്താവിനേ ആരാധിച്ചും ഉപവസിച്ചും കൊണ്ടിരിക്കുമ്പോൾ ഞാൻ ബർന്നബാസിനേയും ശൗലിനേയും വിളിച്ചിരിക്കുന്ന വേലക്കായിട്ട് അവരേ എനിക്കു വേർതിരിക്കുവീൻ എന്നു പരിശുദ്ധാത്മാവു പറഞ്ഞുത്മ. അപ്പോ. 13.2.

ഒന്നാം നൂറ്റാണ്ടിൽ അഥവാ, ദൈവ സഭയുടെ പ്രാരംഭ നാളുകളിൽ നടന്നുവന്ന പരിശുദ്ധാത്മ പ്രേരിതമായ കൈയ്വെപ്പു ശുശ്രൂഷയും ആധുനീക കാലത്തേ ഓർഡിനേഷൻ കൊടുക്കലും തമ്മിൽ അജഗജാന്തരം ഉള്ളതായിട്ടാണു കണ്ടുവരുന്നത്.

ആദിമ കാലത്ത്, മുകളിൽ പറഞ്ഞതുപോലെ, ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പ്രത്യേക നിയോഗപ്രകാരം ആത്മനിറവും ദൈവകൃപയുമുള്ള ദൈവദാസന്മാരോ ദൈവമക്കളോ സുവി ശേഷ വേലക്കു വിളിയും തിരഞ്ഞെടുപ്പും ഉള്ളവരേ തിരിച്ചറിഞ്ഞ് അവരുടെമേൽ കൈവെച്ചു പ്രാർത്ഥിച്ചു ശുശ്രൂഷക്കായി വേർതിരിക്കുകയായിരുന്നു.

ഇന്നു നേരേ തിരിച്ചാണു സംഭവിക്കുന്നത്. വിളിയും തിരഞ്ഞെടുപ്പും ഉള്ളവരേ മുൻവിധി കൂടാതെ പരിശുദ്ധാത്മാവു പ്രത്യേകം വേർതിരിക്കുന്നതിനു പകരം, പലപ്പോഴും പലയിടത്തും വേർ തിരിവിന്റെ ആത്മാവാണു കണ്ടു വരുന്നത്. മാനുഷീക ബുദ്ധിക്കനുസരിച്ചു ഡിസ്ട്രിക്റ്റ് കമ്മ റ്റിയും സംസ്ഥാന കമ്മറ്റിയും മറ്റുമാണ് ഓർഡൈൻ ചെയ്യപ്പെടേണ്ടിയവരുടെ ലിസ്റ്റു തയ്യാ റാക്കുന്നത്.

യിശ്ശായിയുടെ മക്കളേപോലെ തടിയും തൂക്കവും, കഴിവും കാശും, സ്ഥാനവും മാനവും ഒക്കെ ഉള്ളവർ പട്ടികയിൽ ഉണ്ടാകും. നേതാവിന്റെ കൂടെ നിന്നില്ലെങ്കിൽ, വോട്ടു കൊടുത്തി ല്ലെങ്കിൽ, സ്തുതി പാടിയില്ലെങ്കിൽ, കൈമണി അടിച്ചില്ലെങ്കിൽ പോയതു തന്നെ കേസ്.

തീർന്നില്ല; ഒരാൾക്കു റെവറന്റ് ആകണമെന്നുള്ള പൂതിയിളകിയാൽ നാലു പേരേ കൂട്ടി വിവരം നേതാക്കന്മാരേ അറിയിച്ചാൽ മതി. മുടക്കാൻ അൽപം പൈസാ കൈയ്യിൽ ഉണ്ടായിരിക്കണം എന്നു മാത്രം. അധികം താമസിക്കാതെ പൊടിപൊടിച്ച രീതിയിൽ കാര്യം നടപ്പിലാകും. ഇനി, കൈവെക്കാൻ ഒരാൾ മടിച്ചാൽ വേറോരാളേ കിട്ടും എന്നുള്ളതാണു തമാശ.

ആയിരത്തി തൊള്ളായിരത്തി എൺപത്തി നാലിൽ അബൂദാബിയിൽ നിന്നും നൂറു മൈൽ ദൂരെ ജോലിയോടുള്ള ബന്ധത്തിൽ ഒരു മരുഭൂമിയിൽ ആയിരുന്ന സമയത്തായിരുന്നു ഒരു രാത്രി ഇടി വെട്ടുന്നതു പോലെ ദൈവവിളി എളിയവൻ കേട്ടത്.

നീ എഴുന്നേറ്റു ജാലി രാജിവെച്ച് എന്റെ വേലക്കായി വടക്കേ ഇൻഡ്യയിലേക്കു പോകുക എന്നായിരുന്നു ദൈവശബ്ദം. ദൈവീക അരുളപ്പാടനുസരിച്ചു ജാലി രാജിവെച്ച് ഇൻഡ്യയിൽ മട ങ്ങിയെത്തിയ ശേഷം കുടുംബമായി എത്തിച്ചേർന്നതും മുൻപൊരിക്കലും മനസ്സിൽ ചിന്തിക്കുക പോലും ചെയ്തിട്ടില്ലായിരുന്ന മരുഭൂമിയിൽ തന്നെ. ചൂടേറിയ രാജസ്ഥാൻ മരുഭൂമി. അർത്ഥനഗ്നരായി അമ്പും വില്ലും ഏന്തി നടക്കുന്ന ആദിവാസികളുടെ ഇടയിലേക്കായിരുന്നു കർത്താവിന്റെ വേലക്കായി ആദ്യം കടന്നുപോയത്. അവിടെ, ദൈവത്തിന്റെ മരുഭൂമിയിൽ കഷ്ടം സഹിക്കുവാൻ കർത്താവു പഠിപ്പിച്ചു.

രോഗം വന്നപ്പോൾ പ്രാർത്ഥിച്ചു രോഗശാന്തി അനുഭവമാക്കുവനും സുവിശേഷത്തിനു വേണ്ടി ഉപദ്രവം സഹിക്കുവാനും പഠിപ്പിച്ചു. കഷ്ടം ഏൽക്കുവാനും സുവിശേഷം പറയുവാനും പഠിപ്പി ച്ചു. ആത്മാക്കൾ വിടുവിക്കപ്പെടുന്നതും സഭകൾ ഉണ്ടാകുന്നതും എങ്ങെനെയെന്നു കാണിച്ചു തന്നു.

കെരീത്തിന്റെ കരയിൽ ഏലിയാവിനേ തനിച്ചാക്കിയിട്ട് ഏങ്ങോട്ടൊക്കെയോ പോയെന്നു തോന്നുന്നു. പലതും കണ്ടും, കേട്ടും ഉൾമനസ്സിൽ ഉരുണ്ടു കൂടിയിരുന്ന സങ്കടം അക്ഷരങ്ങളിൽ കൂ ടി പുറത്തു വന്നന്നേ ഉള്ളൂ. ആരേയും നോവിക്കുവാനോ വൃണപ്പെടുത്തുവാനോ കരുതിക്കൂട്ടി എഴുയിതല്ല.

മുമ്പോട്ടു പോകുന്ന കൂട്ടത്തിൽ അൽപം എന്തെങ്കലും കൂടെ സന്ദർവശാൽ എഴുതിപ്പോയാൽ പ്രീയ വായനക്കാർ വഴക്കാക്കുകയില്ല എന്നു വശ്വസിക്കുന്നു. തൽക്കാലം നമുക്കു കെരീത്തി ലേക്കു മടങ്ങിച്ചെല്ലാം.

# സത്യം പബ്ലിക്കേഷൻസ് ക്രിസ്തുമസ് പുസ്തകമേള

**തിരുവല്ല:** സത്യം പബ്ലിക്കേഷൻസ് ഒരുക്കുന്ന ക്രിസ്തുമസ് പുസ്തകമേള ഡിസംബർ 4 മുതൽ 22 വരെ മനക്കച്ചിറയിലുള്ള സത്യകൂടാരത്തിൽ നടക്കും. ഇംഗ്ലീഷ്, മലയാളം, ഹിന്ദി ഗ്രന്ഥങ്ങളുടെ പ്രദർശനങ്ങളും വില്പ്പനയുമാണ് ക്രമീകരിച്ചിരിക്കുന്നത്. മേളയിൽ പുസ്തകങ്ങൾക്ക് 70% വരെ വിലക്കിഴിവ് ഏർപ്പെടുത്തിയിട്ടുണ്ട്. നവീകരിച്ച പുസ്തകശാലയിൽ വിദേശ ഗ്രന്ഥങ്ങളുടെ വിപുലമായ ശേഖരണം എത്തിയിട്ടുണ്ട്. ക്രിസ്ത്യൻ ലൈബ്രറികൾക്കും ബൈബിൾ കോളേജുകൾക്കും കൂടാതെ മേളയിൽ പങ്കെടുക്കുന്നവർക്കും നിരവധി പുസ്തകം സൗജന്യ വിതരണം നടത്തും.
സത്യം പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കുന്ന ഇംഗ്ലീഷ്- മലയാളം, ഇംഗ്ലീഷ്- ഹിന്ദി, ഹിന്ദി- മലയാളം ദിഭാഷാ പഠന ബൈബിൾ, മലയാളം ഡോക്സ പഠന ബൈബിൾ, മലയാളം റഫറൻസ് ബൈബിൾ, റയറി സ്റ്റഡി ബൈബിൾ മുതലായവ കൂടാതെ ബൈബിളിന്റെ 400 വ്യത്യസ്ത പരിഭാഷകൾ, 20 വ്യത്യസ്ത മലയാളം ബൈബിൾ തർജ്ജിമകൾ, ബൈബിൾ കമന്ററികൾ, ബൈബിൾ പഠന ഗ്രന്ഥങ്ങൾ, ബൈബിൾ എൻസൈക്ലോപീഡിയ, സി.ഡി എന്നിവ വില്പ്പനയ്ക്കുണ്ട്. 1750 രൂപ വിലയുള്ള മലയാളം- ഇംഗ്ലീഷ് ദിഭാഷ പഠന ബൈബിൾ 1200 രൂപയ്ക്ക് ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം മേളയിൽ ലഭ്യമാണ് എന്ന് ചെയർമാൻ ഡോ. സി.വി വടവന അറിയിച്ചു.

# സുവിശേഷവുമായി ഏഞ്ചലോസ് ഇതര സംസ്ഥാനങ്ങളിലേക്ക്

**ടോണി.ഡി.ചെവ്വൂക്കാരൻ**

**തൃശൂർ:** ഇന്റർകോളേജിയേറ്റ് പ്രയർ ഫെല്ലോഷിപ്പിന്റെ മുഖ്യ പ്രവർത്തന വേദിയായ ഏഞ്ചലോസ് മൊബൈൽ ടീം ഇതര സംസ്ഥാനങ്ങളിൽ പ്രവർത്തനം ആരംഭിച്ചു. വിജയവാഡ ബെങ്കളായ പാളയം എസ്.ഇ കോളനിയിൽ ഒക്ടോബർ 14 നു നടന്ന ഉദ്ഘാടന സമ്മേളനത്തിൽ ഐ.സി.പി.എഫ് കോ-ഓർഡിനേറ്റർ എം.മനോജ്കുമാർ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ എം.ജെ. മോസസ്സ് ഉദ്ഘാടനം നിർവഹിച്ചു. ടീം ലീഡർ കുഞ്ഞുമോൻ മാത്യൂസ് പ്രവർത്തനങ്ങൾ വിശദീകരിച്ചു. പാസ്റ്റർ ജോൺ മില്ലർ ആശംസകൾ അറിയിച്ചു.
തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലുങ്കാന, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലായി 6 മാസം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ഏഞ്ചലോസ് ക്രമീകരിച്ചിരിക്കുന്നത്. മദ്യം, മയക്കുമരുന്ന്, ആത്മഹത്യ തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ ബോധവൽക്കരണം നടത്തുകയും അതോടൊപ്പം സംഗീതം, പ്രഭാഷണം, ലഘുലേഖകൾ എന്നിവ വഴി സുവിശേഷ സന്ദേശം അറിയിച്ചു വരുന്ന ഏഞ്ചലോസ് പകൽ സമയങ്ങൾ കലാലയങ്ങൾ കേന്ദ്രീകരിച്ചും വൈകിട്ട് പൊതുസ്ഥലങ്ങളിലും പ്രോഗ്രാമുകൾ നടത്തിവരുന്നു.
ബൈജു ജോസഫ്, എസ്. അരുൺ, ഡി. പ്രവീൺ, ആൽവിൻ ജോസഫ്, രാഹുൽ. ടി. പിള്ള, രൂഫസ്.ജി.ജോൺസൻ, പി.എ. അബിമേലക്ക്, ജോമോൻ ജോസഫ് എന്നിവരാണ് ടീമിലുള്ളത്.
കേരളത്തിലെ പരിപാടികൾക്കായി മലയാളത്തിൽ തയ്യാറാക്കിയ ലഹരിക്കെതിരെയുള്ള ദിശാബോധനാടകം, വിഡിയോ പ്രദർശനം എന്നിവ തമിഴ്, തെലുങ്ക്, ഹിന്ദി ഭാഷകളിലേയ്ക്ക് മൊഴി മാറ്റം നടത്തി റിക്കാർഡിങ്ങ് ചെയ്ത് ടീം പരിശീലനം നേടി. ബാനറുകളും, ലഘുലേഖകളുമെല്ലാം മറ്റ് ഭാഷകളിൽ പ്രിന്റ് ചെയ്തു.
പ്രൊഫ. മാത്യു പി.തോമസ്, ഡോ.കെ.മുരളീധർ, ഡോ.സി. ടി.ലൂയിസ്കുട്ടി, ഡൊ.ജെയിംസ് ജോർജ്ജ്, ഡോ.ഡി.ജോഷ്വാ, ഡോ. സിനി ജോയ്സ് മാത്യു, ഡോ.കെ.എ.മാത്യു എന്നിവർ മുഖ്യഭാരവാഹികളായ പ്രവർത്തക സമിതിയാണ് ഐ.സി. പി.എഫിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

# ഐ.പി.സി കേരളാ സംസ്ഥാന കൺവൻഷൻ

കോട്ടയം: ഇന്ത്യാ പെന്തക്കോസ്തു ദൈവസഭ സംസ്ഥാന കൺവൻഷൻ ഡിസംബർ 5 മുതൽ 10 വരെ കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ നടക്കും. പാ. കെ.സി. തോമസ് ഉദ്ഘാടനം നിർവ്വഹിക്കുന്ന കൺവൻഷനിൽ റവ. അനിസൻ സാമുവേൽ, കാനഡ. പാ. രവി മണി, ബാംഗ്ലൂർ. എന്നിവർ മുഖ്യ പ്രസംഗകർ ആയിരിക്കും. ഡോ. ബ്ലസ്സൻ മേമന സംഗീത ആരാധനയ്ക്ക് നേതൃത്വം കൊടുക്കും.കൂടാതെ സംസ്ഥാന കൺവെൻഷൻ ക്വയർ ആരാധനയ്ക്ക് നേതൃത്വം കൊടുക്കും.

# പ്രാർത്ഥനയുടെ 50 ദിനങ്ങൾ പ്രഥമ സമ്മേളനം തിരുവല്ലയിൽ

**തിരുവല്ല:** നാഷണൽ പ്രയർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ കേരളത്തിന്റെ ആത്മീക ഉണർവിനെ ലക്ഷ്യമാക്കി നവംബർ 16 – 4 ജനുവരി 2018 വരെ കേരളമാകെ പ്രാർത്ഥനാ ദിനമായി വേർതിരിക്കുന്നു. കേരളത്തിലെ 14 ജില്ലകളിലായി 50 ദിവസംകൊണ്ട് നൂറിലധികം പ്രാർത്ഥനാ സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നു. ഓരോ ജില്ലയിലേയും വിവിധ താലൂക്കുകളിൽ 7 ദിവസം പ്രാർത്ഥനകൾ നടക്കും. സത്യദൈവമായ യേശുവിനെ ജനങ്ങൾ അറിയുക, ക്രൈസ്തവസഭ നേരിടുന്ന പീഡനങ്ങൾ, സുവിശേഷീകരണത്തിൽ നേരിടുന്ന വെല്ലുവിളികൾ തുടങ്ങിയ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുന്നതാണ്.
പ്രഥമസമ്മേളനം തിരുവല്ല ഐ.പി.സി പ്രയർ സെന്ററിൽ നവംബർ 16 നു രാവിലെ 9 മുതൽ ഉച്ചയ്ക്ക് 2 വരെ നടക്കും. പാ. രാജു പൂവക്കാല ഉദ്ഘാടനം ചെയ്യും. നാഷണൽ പ്രയർ മൂവ്മെന്റ് നാഷണൽ ചെയർമാൻ ഇവാ. കെ.വി. പോൾ മുഖ്യസന്ദേശം നൽകും. മേജർ വി.ഐ. ലൂക്കും പ്രസംഗിക്കും. കേരളത്തിലെ വിവിധ ജില്ലകളിൽനിന്നുള്ള കോ-ഓർഡിനേറ്റർമാർ, പ്രയർഹൗസ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുക്കും. കേരളത്തിലെ എല്ലാജില്ലകളിൽ നിന്നുമുള്ള വിവിധ സഭകളിലെ ദൈവദാസന്മാരും ദൈവമക്കളും സംബന്ധിക്കും.
അഡ്വ. ജോൺ മത്തായി ജനറൽ കൺവീനറായും, പാസ്റ്റർ ഷെറി കോശി (സെക്രട്ടറി), പാസ്റ്റർ ഡോ.റ്റി.എം. ഇടിക്കുള (ട്രഷറർ), ഇവാ. പൗലോസ് കെ.ജി. (പബ്ലിസിറ്റി കൺവിനർ), പാസ്റ്റർ എ.കെ. വിശ്വനാഥൻ (പ്രെയർ കൺവീനർ) തുടങ്ങിയവരടങ്ങിയ വിവിധ കമ്മറ്റികൾ പ്രവർത്തിച്ചുവരുന്നു. പാസ്റ്റർ ഷാജി കുര്യൻ, ഇവാ.ജോൺ ജോസഫ്, പാസ്റ്റർ ബെന്നി ജോസഫ് എന്നിവർ കോ-ഓർഡിനേറ്റർമാരാണ്.

## നിത്യതമസയിൽ

**പാസ്റ്റർ എം.കെ. തങ്കച്ചൻ**

**ചെന്നിത്തല:** ഇരമത്തൂർ ഐ.പി.സി ബെഥേൽ സഭാംഗവും കൊമ്പങ്കേരി സഭാശുശ്രൂഷകനുമായ ഇരമത്തൂർ മുല്ലോലിൽ പാസ്റ്റർ എം.കെ. തങ്കച്ചൻ (72) നിര്യാതനായി. സംസ്കാരം ഒക്ടോബർ 19 നു ഇരമത്തൂർ പെന്തക്കോസ്ത് സെമിത്തേരിയിൽ പാ. എം.വി.വർഗീസ് നടത്തി. ഭവനത്തിലെ ശുശ്രൂഷകൾക്ക് പാസ്റ്റർ സി.വി. ചാക്കോ നേതൃത്വം നൽകി. പാസ്റ്റർമാരായ ബി. മോനച്ചൻ, ജോർജ്ജ് ദാനിയേൽ, വി.എസ്. സിബിച്ചൻ, ജി.ജോണിക്കുട്ടി, സി.വൈ. തങ്കച്ചൻ, ജോൺ. പി.കോട്ടൂർ കുറ്റിയിൽ, സാജൻ ജോൺ എന്നിവർ പ്രസംഗിച്ചു. ഭാര്യ: കുഞ്ഞുഞ്ഞമ്മ മറവുകരവാലിയിൽ കുടുംബാംഗമാണ്. മക്കൾ: റൂബി, ബോബി. മരുമക്കൾ: സജി, സിമ്ന.

**പി.പി. ഡേവിഡ്**

**എറണാകുളം:** ചർച്ച് ഓഫ് ഗോഡ് സഭാംഗം വെണ്ണല പുത്തൻവീട്ടിൽ പി.പി. ഡേവിഡ് (75) ഒക്ടോബർ 19 നു നിര്യാതനായി. സംസ്കാരം പിറ്റേന്ന് പുത്തൻകുരിശിലുള്ള സഭാസെമിത്തേരിയിൽ പാസ്റ്റർ സി.എസ് ഈശോയുടെ നേതൃത്വത്തിൽ നടത്തി. ഭാര്യ: കണ്ടനാട് എളംകുളം വീട്ടിൽ എ.കെ.മേരി (റിട്ട. കെ.ബി.പി.എസ് ഉദ്യോഗസ്ഥ). മകൻ: സാം ഡേവിഡ് (അസോഷ്യേറ്റ് കണ്ടന്റ് പ്രൊഡ്യൂസർ, മനോരമ ഓൺലൈൻ, കോട്ടയം) മരുമകൾ: എം.കെ സിജി.

**കുഞ്ഞമ്മ ജോർജ്ജ്**

**വെൺമണി:** ഐ.പി.സി എബനേസർ സഭാംഗം കരിപ്പോട്ടിൽ പരേതനായ ജോർജ്ജിന്റെ ഭാര്യ കുഞ്ഞമ്മ ജോർജ്ജ് (82) ഒക്ടോബർ 11 നു നിര്യാതയായി. സംസ്കാരം 13 നു സഭാസെമിത്തേരിയിൽ പാസ്റ്റർ എം.കെ. സ്കറിയ നടത്തി. ഭവനത്തിലെ ശുശ്രൂഷകൾക്ക് പാസ്റ്റർ ഷാജി സാമുവേൽ നേതൃത്വം നൽകി. പാസ്റ്റർ ജെയിംസ് എബ്രഹാം പ്രസംഗിച്ചു.
മക്കൾ: പരേതനായ അവറാച്ചൻ, ലീലാമ്മ, ലില്ലി, ലിസി. മരുമക്കൾ: ഗീവർഗീസ്, വർഗീസ്, ജോർജ്ജ് വർഗീസ്.

**സെബാസ്റ്റ്യൻ ദേവസ്യ**

**വയനാട്:** ഐ.പി.സി പള്ളിക്കുന്ന് സഭാംഗം വാളായിൽ സെബാസ്റ്റ്യൻ ദേവസ്യ (91) ഒക്ടോബർ 15 നു നിര്യാതയായി. സംസ്കാരം 16 നു മലങ്കര സഭാസെമിത്തേരിയിൽ നടത്തി. ഐ.പി.സി വയനാട് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ തോമസ് തോമസ് ശുശ്രൂഷ നിർവഹിച്ചു. മക്കൾ: ലില്ലി (കോഴിക്കോട്), മേരി (പത്തനംതിട്ട), ഡെയ്സി (വയനാട്), എൽസി (നെല്ലിപൊയിൽ), ഫെൽസി (മീമുട്ടി), ജോയ്സി (സിദ്ധാപുരം), അനിൽ സെബാസ്റ്റ്യൻ (സൗദി), നാൻസി (മാനന്തവാടി), മരുമക്കൾ: റോയ് മാത്യു ചീരൻ, തോമസ് മാത്യു, പി.ഡി.ജോൺ, ജോൺ ജോർജ്ജ്, പാസ്റ്റർ എൻ.പി. പീറ്റർ, മിനി, സജി മാഞ്ഞൂരാൻ.

**ഡാളസിൽ വാഹനാപകടത്തിൽ മരിച്ചു.**

**ഡാളസ്സ്:** പാസ്റ്റർ വൈ. സക്കറിയായുടെ മകൻ പോൾസൺ സക്കറിയായുടെ ഭാര്യ മിനി പോൾസൺ (55) ഡാളസ്സിൽ കാർ അപകടത്തിൽ നിര്യാതയായി. തിരുവല്ല വാരിക്കാട്ട് പുത്തൻപറമ്പിൽ ജോൺ ചാണ്ടിയുടേയും മേരി ജോണിന്റേയും മകളാണ് മിനി. ഡാളസിൽ ആർ.എൻ ആയി ജോലി നോക്കിക്കൊണ്ടിരുന്ന മിനി ഡ്യൂട്ടി കഴിഞ്ഞ് ഭർത്താവ് പോൾസണും ഒന്നിച്ച് ഭവനത്തിലേക്ക് മടങ്ങുമ്പോൾ മറ്റൊരു കാർ ഇടിച്ച് അപകടത്തിലാണ് മിനി മരിച്ചത്. ഭർത്താവ് ഗുരുതരമല്ലാത്ത പരുക്കുകളോടെ രക്ഷപെട്ടു. ഡാളസിൽ ക്രോസ്സ് വിയു ചർച്ച് ഓഫ് ഗോഡ് അംഗങ്ങൾ ആണ്. 20-നു വൈകിട്ടു മെമ്മോറിയൽ സർവ്വീസും 21-ന് രാവിലെ ശവസംസ്കാരശുശ്രൂഷയും നടന്നു. മക്കൾ: ഷെർവിൻ, ഷോവിൻ, ജോഷിൻ, ജെസിൻ. പാസ്റ്റർ ജോൺസൺ സക്കറിയ, സാംസൺ സക്കറിയ എന്നിവർ പോൾസന്റെ സഹോദരന്മാരും, മേരിക്കുട്ടി, സൂസമ്മ, രൂഹമ്മ എന്നിവർ സഹോദരിമാരുമാണ്.

# ഏകദിന ക്യാമ്പ്

**കുറ്റിപ്പുറം:** ഐ.പി.സി കുറ്റിപ്പുറം സെന്റർ ഏകദിന ക്യാമ്പ് ഒക്ടോബർ 18-ന് വളാഞ്ചേരിയിൽ നടന്നു. പാസ്റ്റർ വി.ടി. അന്ത്രയോസ് ഉദ്ഘാടനം ചെയ്തു. പാ. സന്തോഷ് കുമാർ അദ്ധ്യക്ഷത നിർവഹിച്ചു. പാസ്റ്റർ ജോൺ മമ്മരപ്പള്ളി, ഡോ. സാജൻ സി. ജേക്കബ് എന്നിവർ പ്രസംഗിച്ചു.പാസ്റ്റർമാരായ ജിജോ പാപ്പച്ചൻ, പി.എം. ജോർജ്ജ് എന്നിവർ നേതൃത്വം നൽകി.

## ടി.പി.എം. യുവജനക്യാമ്പ്

**ചാക്കോ കെ. തോമസ് ചെന്നൈ**

ദി പെന്തക്കോസ്ത് മിഷൻ സഭയുടെ അന്തർദേശീയ യുവജനക്യാമ്പ് നവംബർ 23-26 വരെ ചെന്നൈ ഇരുമ്പല്ലിയൂർ കൺവൻഷൻ സെന്ററിൽ നടക്കും. സിലോൺ, മലേഷ്യ, ഓസ്ട്രേലിയ, അമേരിക്ക, ദുബായ് തുടങ്ങി വിദേശ രാജ്യങ്ങളിൽ നിന്നും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള 25000ൽ പരം യുവതി യുവാക്കൾ പങ്കെടുക്കും. 'സ്വർഗ്ഗീയ വിളി' എന്നതാണ് ക്യാമ്പിന്റെ ചിന്താവിഷയം.
സബ് ജൂനിയർ, ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ എന്നീ ഗ്രൂപ്പുകൾ അനുസരിച്ച് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വെറെ ആത്മീയ പരിപാടികൾ ഉണ്ടായിരിക്കും. വേദപഠനത്തിനും ധ്യാനത്തിനുമായി സീനിയർ, സൂപ്പർ സീനിയർ എന്നീ വിഭാഗത്തിന് എസ്തേറിന്റെ പുസ്തകവും സബ് ജൂനിയർ, ജൂനിയർ വിഭാഗത്തിന് ഫിലിപ്പിയർ ലേഖനവും നൽകിയിട്ടുണ്ട്.
വിവിധ ഭാഷയിലുള്ള ഗാന പരിശീലനം, ബൈബിൾ ക്വിസ്, വേദപുസ്തകത്തിൽ നിന്നുള്ള കടങ്കഥകൾ, ഗാനശുശ്രൂഷ, ഉണർവ് യോഗം, ഡിബേറ്റ് എന്നിവ ഉണ്ടായിരിക്കും. 14-30 വയസ്സ് വരെയുള്ള അവിവാഹിതരായ യുവതിയുവാക്കൾക്ക് പങ്കെടുക്കാം. പെന്തക്കോസ്ത് മിഷൻ സഭയുടെ ഏറ്റവും വലിയ യുവജന ക്യാമ്പാണിത്. ക്യാമ്പിൽ പങ്കെടുക്കുന്ന യുവതിയുവാക്കൾക്ക് താമസവും ഭക്ഷണസൗകര്യവും കൺവൻഷൻ സെന്ററിൽ ഒരുക്കിയിട്ടുണ്ട്. സഭയുടെ പ്രധാന ശുശ്രൂഷകർ നേതൃത്വം നൽകും.

# ഐ.പി.സി ഭൂട്ടാൻ റീജിയൻ കൺവൻഷന് അനുഗ്രഹസമാപ്തി

**ജയ്ഗോങ്:** ഐ.പി.സി ഭൂട്ടാൻ റീജിയൻ രണ്ടാമത് വാർഷിക കൺവൻഷൻ ഒക്ടോബർ 19 -22 വരെ ഭൂട്ടാൻ അതിർത്തി പട്ടണമായ ജയ്ഗോങിനു സമീപം മധുറ്റി ഗാർഡനിൽ നടന്നു. പ്രസിഡന്റ് പാസ്റ്റർ അലക്സ് വെട്ടിക്കൽ കൺവൻഷൻ ഉദ്ഘാടനം ചെയ്തു.
റീജിയൻ സെക്രട്ടറി പാസ്റ്റർ ബോബി മാത്യൂസ് അദ്ധ്യക്ഷം വഹിച്ചു. ഐ.പി.സി ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, ഐ.പി.സി ഗോവ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ വി. ജെ.തോമസ്, റീജിയൻ വൈസ് പ്രസിഡന്റ് പാസ്റ്റർ ബിന്നി മാത്യൂസ്, ജോയിന്റ് സെക്രട്ടറി പാസ്റ്റർ സന്തോഷ് ലോഹാർ എന്നിവർ വിവിധ ദിവസങ്ങളിൽ പ്രസംഗിച്ചു. പി.വൈ.പി.എ വാർഷിക സമ്മേളനവും പാസ്റ്റേഴ്സ് കോൺഫ്രൻസും നടന്നു.
ശുശ്രൂഷക സമ്മേളനത്തോടനുബന്ധിച്ച് രണ്ട് ശുശ്രൂഷകന്മാർക്ക് ഓർഡിനേഷൻ നൽകി. പാസ്റ്റർ ജേക്കബ് ജോൺ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. 30 പേർ സ്നാനപ്പെട്ടു. സംയുക്ത ആരാധനയ്ക്ക് പാസ്റ്റർ ബോബി മാത്യൂസ് നേതൃത്വം കൊടുത്തു. പാസ്റ്റേഴ്സ് ജേക്കബ് ജോൺ, അലക്സ് വെട്ടിക്കൽ, വി.ജെ. തോമസ് എന്നിവർ പ്രസംഗിച്ചു. സീനിയർ മിനിസ്റ്റർ പാസ്റ്റർ പി. എം. മാത്യൂസ് കർതൃമേശയ്ക്ക് നേതൃത്വം നൽകി. റീജിയന്റെ വിവിധ സഭകളിൽ നിന്നായി 1500 ഓളം ആളുകൾ ആരാധനയിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു.

# മാതൃകാ ഉദ്യോഗസ്ഥരേയും മിഷൻലീഡേഴ്സിനേയും ആദരിച്ചു

**കോട്ടയം:** ക്രിസ്തീയ മൂല്യങ്ങൾ മുൻനിർത്തി ഔദ്യോഗിക ജീവിതത്തിലും ശുശ്രൂഷകളിലും മാതൃക കാട്ടിയവരെ എംപ്ലോയീസ് ആൻഡ് പ്രൊഫഷണൽസ് പ്രെയർ ഫെലോഷിപ്പ് ആദരിച്ചു. സീനിയർ ഐഎഎസ് ഓഫീസറും സംസ്ഥാന അഡീഷണൽ ചീഫ് സെക്രട്ടറിയുമായ ജെയിംസ് വർഗീസ്, ജില്ലാ ജഡ്ജി വിൻസന്റ് ചാർളി, ആദിവാസികളുടെ ഇടയിൽ ദീർഘവർഷങ്ങളായി ആതുരസേവനം നിർവഹിച്ചു വരുന്ന പ്രമുഖ മിഷൻ ലീഡർ ഡോ.കെ. മുരളീധർ, ദശകങ്ങളായി ഇന്ത്യയിൽ ക്രൈസ്തവ സംഗീത ശുശ്രൂഷയ്ക്ക് അനുഗ്രഹീത നേതൃത്വം നൽകുന്ന പാസ്റ്റർ ഭക്തവത്സലൻ എന്നിവരെയാണ് ആദരിച്ചത്. ഒക്ടോബർ 7 നു കോട്ടയം എംടി സെമിനാരി ഹയർസെക്കൻഡറി സ്കൂളിൽ നടന്ന ഇപിപിഎഫ് സംസ്ഥാന വാർഷിക സമ്മേളനത്തിലാണു പുരസ്കാരം നൽകി ആദരിച്ചത്. സബ്കളക്ടർ, ജില്ലാകളക്ടർ, ഡയറക്ടർ, വകുപ്പു സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി തുടങ്ങിയ ഉയർന്ന സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള ജെയിംസ് വർഗീസ് 1986 മുതൽ ഇന്ത്യൻ സിവിൽ സർവീസ് ഉദ്യോഗസ്ഥനാണ്. ദീർഘവർഷങ്ങളായി തദ്ദേശ സ്വയം ഭരണം, ഫിഷറീസ്, തുറമുഖം, പരിസ്ഥിതി തുടങ്ങിയ നിർണ്ണായക വകുപ്പുകളുടെ സെക്രട്ടറി എന്ന നിലയിൽ സംസ്ഥാനത്തിന്റെ വികസനത്തിനു സംശുദ്ധമായ നേതൃത്വപാടവം പ്രകടമാക്കിയ ജെയിംസ് വർഗീസ് അഡീഷണൽ ചീഫ് സെക്രട്ടറിയാകുന്ന സംസ്ഥാനത്തെ ആദ്യവിശ്വാസിയാണ്. ഔദ്യോഗിക തിരക്കുകൾക്കിടയിലും വചനപ്രഘോഷണത്തിനായി ഇയുഎസ്ഐ, ഇപിപിഎഫ് സമ്മേളനങ്ങളിലെ സജീവസാന്നിധ്യവുമാണ്.
സംസ്ഥാന നീതിന്യായ വകുപ്പിൽ മജിസ്ട്രേറ്റ്, സബ്ജഡ്ജ്, ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചതിനു ശേഷമാണ് വിൻസന്റ് ചാർളി 2015 ൽ ജില്ലാ ജഡ്ജി സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത്. ദീർഘവർഷങ്ങളായി പെന്തക്കോസ്ത് വിശ്വാസിയും 2003 മുതൽ ഇ.പി.പി.എഫിന്റെ സജീവാംഗവുമായ വിൻസന്റ് ചാർളി ഇപിപിഎഫ് സമ്മേളനങ്ങളിൽ പല പ്രാവശ്യം പ്രസംഗകനായിട്ടുണ്ട്.
1977 ൽ ആദിവാസികളുടെ ഇടയിലെ സുവിശേഷപ്രവർത്തനങ്ങൾക്കായി ട്രൈബൽ മിഷൻ ആരംഭിച്ചു നാൾമുതൽ അതിന്റെ പ്രധാല ചുമതലകൾ നിർവഹിച്ചുപോരുന്ന ഡോ.കെ.മുരളീധർ 1990 ൽ അട്ടപ്പാടി മേഖലയിലെ ആനകെട്ടി ഗ്രാമത്തിൽ ബഥനി മെഡിക്കൽ സെന്റർ എന്ന പേരിൽ ആശുപത്രി സ്ഥാപിച്ച് ആതുരശുശ്രൂഷകൾ നിർവഹിക്കുന്നു. കൊല്ലം ബെൻസിഗർ ആശുപത്രിയിൽ ഡോക്ടറായിരിക്കവെയാണ് പിന്നോക്കപ്രദേശമായ അട്ടപ്പാടിയിലേക്ക് മിഷനറി ഡോക്ടറായി മുരളീധർ സമർപ്പിക്കപ്പെട്ടത്. 1981 മുതൽ ഐസിപിഎഫ് പ്രസിഡന്റാണ്. ഇപിപിഎഫിന്റെ അടുത്ത മിത്രമായ അദ്ദേഹം ഇപിപിഎഫ് വാർഷികസമ്മേളനങ്ങളിൽ പലപ്രാവശ്യം പ്രസംഗിച്ചിട്ടുണ്ട്. അന്തർദേശീയ ക്രിസ്ത്യൻ കോൺഫ്രൻസുകളിലെ സജീവ സാന്നിദ്ധ്യമായ അദ്ദേഹം സുവിശേഷപ്രഭാഷകനെന്ന നിലയിൽ പ്രശസ്തനാണ്.
നാലുപതിറ്റാണ്ടിലധികമായി സുവിശേഷ സംഗീതരംഗത്ത് പ്രവർത്തിക്കുന്ന ഭക്തവത്സലൻ 1976 മുതൽ ക്യാംപസ് ക്രൂസേഡിൽ ചേർന്നു 'ടാർജറ്റ് 80' മ്യൂസിക് ടീമിനും 1980 മുതൽ ഹാർട്ട് ബീറ്റ്സ് സംഗീത ഗ്രൂപ്പിനും നേതൃത്വം നൽകി. ഇന്ത്യയിലെ ക്യാമ്പസുകളിലും സുവിശേഷവേദികളിലും ജനശ്രദ്ധനേടിയ ഹാർട്ട് ബീറ്റ്സിൽ പ്രശസ്തരായ പല ഗായകരും തന്നോടൊപ്പമുണ്ടായിരുന്നു. 1993 തുടങ്ങി ഹാർവെസ്റ്റ് മ്യൂസിക് ടീമിനു നേതൃത്വം നൽകുന്ന ഭക്തവത്സലൻ മുന്നോറോളം പാട്ടുകളെഴുതി ഈണം പകർന്നിട്ടുണ്ട്.
ഇ.പി.പി.എഫ് ജനറൽ സെക്രട്ടറി ഇവാ. എം.സി. കുര്യൻ മാതൃകാ ഉദ്യോഗസ്ഥരേയും മിഷൻ ലീഡേഴ്സിനേയും അനുമോദിച്ചു പ്രസംഗിച്ചു. ഓണററി പ്രസിഡന്റ് റവ. മാത്യു സ്കറിയ, ട്രഷറർ പി.വി.വർഗീസ്, ജോ. സെക്രട്ടറി വി.വി.ബാവു, എംടി ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ കുരുവിള മാത്യു എന്നിവർ മൊമെന്റോ സമ്മാനിച്ചു.

# തിരുവല്ല സെന്റർ ജേതാക്കൾ

തിരുവല്ല: ഐ.പി.സി സൺഡേസ്കൂൾ അസോസിയേഷൻ കുമ്പനാട് മേഖല താലന്ത് പരിശോധനയിൽ 139 പോയിന്റോടെ തിരുവല്ല സെന്റർ ജേതാക്കളായി. കുമ്പനാട്, മല്ലപ്പള്ളി സെന്ററുകൾക്കാണ് രണ്ടും മൂന്നും സ്ഥാനം. ഐപിസി പ്രസ്ബിറ്റർ പാസ്റ്റർ കെ.വി.ചാക്കോ ഉദ്ഘാടനം ചെയ്തു. പാസ്റ്റർ സാമുവേൽകുട്ടി അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ എം.മാത്യു, കെ.എൽ.മത്തായി, പാസ്റ്റർ ഐസക് തോമസ് എന്നിവർ പ്രസംഗിച്ചു.

**ഗ്രെയ്സ് മിഷൻ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിച്ചാലും**

POST OFFICE BUILIDING
VENNIKULAM P.O
THIRUVALLA 689 544
KERALA - INDIA,
PATHANAMTHITTA DT.
TOL:04692751000
MOB:09446625996
E-MAIL: DEEPAMNEWS2011@GMAIL.COM

Date of Publication. 01/12/2017

# ETERNAL VOICE

VOLUME NO. 4 / ISSUE NO. 3 / PAGES 8

REGISTERED
RNI.NO.KERMAL-2014/59906
POSTAL REG.NO.KL/TLA/238/2015-17



DATE OF POSTING 5TH EVARY MONTH

PUBLISHED FROM THIRUVALL

RS.5

## ക്രിസ്തു ഹൃദയത്തിൽ ജനിക്കട്ടെ






**ജസ്റ്റിൻ കായംകുളം**

താരകങ്ങൾ ആലോലം ചൊല്ലി പുഞ്ചിരി തൂകിയ ഹേമന്ത കാല രാവിൽ മാലാഖ സംഗീതം ഇപ്രകാരം മുഴങ്ങി 'ഭയപ്പെടേണ്ട സർവജനത്തിനുമുള്ള മഹാ സന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു'. വീണ്ടുമൊരു ക്രിസ്തുമസ് കാലം കൂടി വന്നെത്തി.ഇനി വർണാഭമായ നക്ഷത്രങ്ങളുടെയും ,കാരൾ സംഗീതത്തിന്റെയും, ആഘോഷങ്ങളുടെയും,കേക്കിന്റെയും ,വൈനിന്റെയും സന്തോഷകാലം. ഓരോ ക്രിസ്തുമസ് രാവും സന്തോഷം പകരുന്നവയാണ്.യേശു ക്രിസ്തുവിന്റെ ജനനം സർവ ജനത്തിനുമുള്ള സന്തോഷമായിരുന്നു. ദൈവമായിരുന്നവൻ തന്റേതായ അവസ്ഥയിൽ തന്നെ കഴിയാതെ മനുഷ്യനായി ഭൂമിയിലേക്ക് വന്ന സ്നേഹ പ്രകടീകരണം!.

എന്നാൽ ആധുനികത കച്ചവടവൽക്കരിക്കപ്പെടുന്ന ക്രിസ്തുമസാണിന്നു വിഭാവനം ചെയ്യപ്പെടുന്നത്. ദൈവ സ്നേഹത്തിന്റെയും മഹാ സന്തോഷത്തിന്റെയും വാർത്തയെ കമ്പോള സംസ്കാരം ലാഭത്തിന്റെ മൈലേജ് കൂട്ടുവാനുള്ള ഉപാധിയായി മറിച്ചു കളഞ്ഞിരിക്കുന്നു. യേശു ക്രിസ്തു ലോകത്തിൽ മനുഷ്യനായി പിറന്നുവെന്നത് കേവലം ക്രിസ്തുമസ് എന്ന ആഘോഷത്തിൽ ഒതുക്കി ആധുനിക ക്രൈസ്തവലോകം ത്രിപ്തിപ്പെടുമ്പോൾ യഥാർത്ഥ ക്രിസ്തുവിന്റെ ഉദയം വിസ്മരിക്കപ്പെടുന്നു.ആ സ്നേഹധാരയെ ഗൗരവത്തിലെടുക്കാതെ വളരെ പരിമിതപ്പെടുത്തുകയാണ്. തികച്ചും ത്യാഗപരവും നിസ്വാർത്ഥവുമായ അനുഭവത്തിലാണ് ക്രിസ്തു ഓരോ ഹൃദയങ്ങളിലും ജനിക്കേണ്ടത്. 'ക്രിസ്തു

> **പുതിയ നിയമ സുവിശേഷകന്മാർ പറയുന്നത് യേശുവിന്റെ ജനനം, വലിയ സന്തോഷമാണെന്നാണ്. കാരണം അടിച്ചമർത്തപ്പെടലിന്റെയും, ഒറ്റപെടലിന്റെയും, പാർശ്വവൽക്കരിക്കപ്പെടലിൻറെയും, തിക്താനുഭവങ്ങളിൽ അലഞ്ഞുലയുന്നവരെ വിമോചിപ്പിക്കാൻ വന്ന വിമോചകനാണ് ക്രിസ്തു. അതു കൊണ്ട് തന്നെയാകണം ദൂതൻ ഉദ്ഘോഷിക്കുന്നത് സർവജനത്തിനുമുള്ള മഹാ സന്തോഷമാണ് ക്രിസ്തുവിന്റെ ജനനമെന്നത്.**

ഇനി പുൽക്കൂടുകളിലല്ല മനുഷ്യ ഹൃദയങ്ങളിലാണ് ജനിക്കേണ്ടത്' എങ്കിലേ അവൻ ഇവിടെ അവതരിച്ചതിന്റെ യഥാർത്ഥ മാഹാത്മ്യം മനസ്സിലാക്കുവാൻ സാധിക്കു.യേശു ക്രിസ്തു ജനിച്ചത് സന്തോഷത്തിന്റെ വാർത്ത തന്നെയാണ്, ആഘോഷിക്കപ്പെടേണ്ടതുമത്രെ.എന്നാൽ യേശുക്രിസ്തു ജീവിതത്തിൽ പൂർത്തീകരിക്കപ്പെടുത്താൻ പോകുന്ന ദൗത്യമാണ് പ്രധാനം. യേശുവിന്റെ ജനനം മാത്രം കാണുന്നതിലുപരി ആ സ്നേഹവും ,ജീവിതവും,കാൽവരിയിലെ കുരിശിന്റെ ദർശനവും പ്രാപിച്ചെങ്കിലെ ഓരോ ക്രിസ്തുമസും പൂർണമാക്കപ്പെടുകയുള്ളൂ.

മനുഷ്യനെ പിശാചിന്റെയും, പാപത്തിന്റെയും അടിമത്വത്തിൽ നിന്ന് മോചിപ്പിച്ചു സ്വർഗ്ഗ രാജ്യത്തിനവകാശികളാക്കാനാണ് ക്രിസ്തു ഉദയം ചെയ്തത്. അതുകൊണ്ട് തന്നെയാണ് കന്യകയുടെ ഉദരത്തിൽ അത്ഭുത ശിശുവായി ഉരുവാകുകയും പാപമൊഴികെ സകലത്തിലും പരീക്ഷിക്കപ്പെട്ടു, മാനവകുലത്തിന്റെ പാപത്തിന്റെ പരിഹാരത്തിന് വേണ്ടി തന്റെ സ്വന്ത ജീവനെ ബലിയായി നൽകി മരിച്ചതും, മൂന്നാം ദിവസം ഉത്ഥിതനായതും..ആ സ്നേഹധാര ക്രിസ്തുമസിലൂടെ നമ്മുടെ ഹൃദയങ്ങളിൽ വാഴുകയും ക്രിസ്തു സ്നേഹത്തിന്റെ ഉദാത്ത മാതൃകകളായി നമുക്ക് മറുവാനും സാധിക്കും..

പുതിയ നിയമ സുവിശേഷകന്മാർ പറയുന്നത് യേശുവിന്റെ ജനനം, വലിയ സന്തോഷമാണെന്നാണ്. കാരണം അടിച്ചമർത്തപ്പെടലിന്റെയും, ഒറ്റപെടലിന്റെയും, പാർശ്വവൽക്കരിക്കപ്പെടലിൻറെയും, തിക്താനുഭവങ്ങളിൽ അലഞ്ഞുലയുന്നവരെ വിമോചിപ്പിക്കാൻ വന്ന വിമോചകനാണ് ക്രിസ്തു. അതു കൊണ്ട് തന്നെയാകണം ദൂതൻ ഉദ്ഘോഷിക്കുന്നത് സർവജനത്തിനുമുള്ള മഹാ സന്തോഷമാണ് ക്രിസ്തുവിന്റെ ജനനമെന്നത്. സമൂഹത്തിന്റെ മുഖ്യധാരയിലേക്കെത്താൻ കഴിയാതിരുന്ന ആട്ടിടയന്മാർ ആ വാർത്ത ആദ്യം കേൾക്കുവാനുള്ള ഭാഗ്യം സിദ്ധിച്ചത്.. യേശുവിന്റെ ജനനം സന്തോഷപൂർണമാകുന്നത് അശരണരെ നാം കൈപിടിച്ചു ഉയർത്തുമ്പോളാണ്.. ദുഖിതർക്ക് ആശ്വാസമേകാൻ, നിരാലംബർക്കു ആലംബമാകാൻ, പരാജിതരെ മാറോടണയ്ക്കാൻ ഓരോ ക്രിസ്തുമസും നമ്മെ ശാക്തീകരിക്കട്ടെ.. ആ വിമോചകന്റെ ദൗത്യം നാമെല്ലാവരും ശിരസ്സാവഹിക്കേണം.. കേവലം ആഘോഷത്തിൽ ഒതുക്കപ്പെടാതെ പ്രാവർത്തികതയിലേക്കു കൊണ്ട് വരപ്പെടുമ്പോളാണ് ക്രിസ്തുമസിന്റെ യഥാർത്ഥ അനുഭവം സമൂഹം മനസ്സിലാക്കുന്നത്.... ഇത് വഴി ക്രിസ്തുഭാവത്തിന്റെ സാക്ഷ്യം ഉയർത്തിപ്പിടിക്കാൻ ദൈവം എല്ലാവരെയും സഹായിക്കുമാറാകട്ടെ.....

## മുന്തിരിവീഞ്ഞ് ആദ്യമുണ്ടാക്കിയത് ജോർജിയയിൽ

ലോകത്താദ്യമായി വീഞ്ഞുണ്ടാക്കിയത് നെല്ലിൽനിന്നാണെന്നാണ് ഇതുവരെയുള്ള കണ്ടെത്തലുകൾ പറയുന്നത്. ഉണ്ടാക്കിയതാകട്ടെ ചൈനക്കാരും. 9,000 വർഷം മുമ്പാണ് ഇത് സംഭവിച്ചത്. ഇപ്പോഴിതാ ലോകത്താദ്യമായി മുന്തിരിവീഞ്ഞുണ്ടാക്കിയത് ആരെന്ന് കണ്ടെത്തിയിരിക്കുന്നു. മുമ്പ് കണ്ടെത്തിയതിലും ആയിരംവർഷം മുന്നേ മുന്തിരിവീഞ്ഞുണ്ടാക്കിയിട്ടുണ്ട് എന്നാണ് ഇപ്പോഴത്തെ കണ്ടുപിടിത്തം.

ജോർജിയയിൽ നിന്ന് കുഴിച്ചെടുത്ത 8000 കൊല്ലം പഴക്കമുള്ള മൺകുടങ്ങളിലാണ് മുന്തിരിവീഞ്ഞിന്റെ സാന്നിദ്ധ്യം കണ്ടെത്തിയത്.

ശാസ്ത്രീയമായ രാസപരിശോധനകളിലൂടെ ഇത് തെളിയിക്കപ്പെട്ടെന്ന് 'പ്രൊസീഡിംങ്സ് ഫോർ ദ നാഷണൽ അക്കാദമി ഓഫ് സയൻസസ്' എന്ന ജേണൽ പറയുന്നു. ഇറാനിലെ സാഗ്രോസ് മലനിരകളിൽ 7000 കൊല്ലംമുമ്പ് വസിച്ചിരുന്നവരാണ് ആദ്യമായി മുന്തിരിവീഞ്ഞുണ്ടാക്കിയതെന്ന പഴയ അറിവിനെ തിരുത്തുന്നതാണിത്.

ജോർജിയയുടെ തലസ്ഥാനമായ ടിബിലിസിക്ക് 50 കി.മി. തെക്കായി സ്ഥിതി ചെയ്തിരുന്ന ഗഡാചിറിലി ഗോറ, ഷുലാവെറിസ് ഗോറ എന്നിവിടങ്ങളിൽ നിന്നാണ് മൺകുടങ്ങൾ കിട്ടിയത്. ഇവയിൽ മുന്തിരിക്കുലകളുടെ ചിത്രങ്ങളും കൊത്തിയിരുന്നു. 300 ലിറ്റർ കൊള്ളുന്നവയാണ് കണ്ടുകിട്ടിയ കുടങ്ങൾ. ടാർട്ടാറിക് ആസിഡ്, മാലിക്, സുസിനിക്, സിട്രിക് ആസിഡുകളുടെ സാന്നിധ്യമാണ് എട്ടുകുടങ്ങളിൽ കണ്ടെത്തിയത്. കടപ്പാട്: മാതൃഭൂമി

## സഭാ മേധാവി സൗദിയിൽ

റിയാദ്: പശ്ചിമേഷ്യയിലെ പ്രമുഖ ക്രൈസ്തവ വിഭാഗമായ ലെബനനിലെ മാരനെറ്റ് സഭയുടെ പാത്രിയാർക്കിസ് ബിശാറ ബുത്രോസ് അൽ റാഹി സൗദി അറേബ്യയിലെത്തി. റിയാദ് കിംഗ് സൽമാൻ എയർ ബേസിൽ പ്രത്യേക വിമാനത്തിലെത്തിയ അദ്ദേഹത്തെ ജി.സി.സി.കാര്യ മന്ത്രി സാമിർ അൽ സബ്ഹാന്റെ നേതൃത്വത്തിൽ സ്വീകരിച്ചു.

ചരിത്രത്തിൽ ആദ്യമായാണ് ഒരു പ്രമുഖ ക്രൈസ്തവ സഭാ മേധാവി സൗദിയിൽ ഔദ്യോഗിക സന്ദർശനം നടത്തുന്നത്. ഭരണാധികാരി സൽമാൻ രാജാവിന്റെ നിർദേശപ്രകാരം ലെബനനിലെ സൗദി ഡെപ്യൂട്ടി ചീഫ് ഓഫ് മിഷൻ ഈ മാസം ആദ്യമാണ് സൗദി സന്ദർശിക്കുന്നതിന് ബിശാറ ബുത്രോസ് അൽ റാഹിയെ ക്ഷണിച്ചത്.

അദ് ഹരീരി ലെബനൻ പ്രധാനമന്ത്രി പദം രാജിവെച്ച് റിയാദിൽ കഴിയുന്ന സാഹചര്യത്തിൽ ഏറെ രാഷ്ട്രീയപ്രാധാന്യമുണ്ട് പാത്രിയാർക്കിസിന്റെ സന്ദർശനത്തിനെന്ന് നിരീക്ഷകർ വിലയിരുത്തുന്നു. ഹരീരിയുമായി സഭാ മേധാവി കൂടിക്കാഴ്ച നടത്തുമെന്നാണ് കരുതുന്നത്. ലെബനന്റെ ആഭ്യന്തര പ്രശ്നങ്ങളിൽ നിഷ്പക്ഷ നിലപാടാണ് മാരനെറ്റ് സഭ സ്വീകരിച്ചിട്ടുള്ളത്. കടപ്പാട്: മാതൃഭൂമി

## അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ

**പുനലൂർ:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് ജനറൽ കൺവൻഷൻ ജനുവരി 23-28 വരെ പുനലൂർ ഏ.ജി കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. സൂപ്രണ്ട് പാ. റ്റി.ജെ. സാമുവേൽ ഉദ്ഘാടനം ചെയ്യും. ജനറൽ കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി സൂപ്രണ്ട് റ്റി.ജെ. സാമുവേൽ ചെയർമാനായും, ട്രഷറർ പാ. എ. രാജൻ ജനറൽ കോഡിനേറ്ററുമായി വിപുലമായ കമ്മറ്റിയെ പ്രസ്ബിറ്ററി ചുമതലപ്പെടുത്തി. ഏ.ജി ക്വയർ ആണ് സംഗീത ശുശ്രൂഷ നയിക്കുന്നത്.

പാസ്റ്റേഴ്സ് ഒ. സജിമോൻ, ആന്റണി ജോസഫ് (പന്തൽ), പി.വൈ.ജോസുകുട്ടി, സജിതി ലാൽ, മനോജ് വർഗീസ്, സനൽ കുമാർ (പബ്ലിസിറ്റി), ഷാജൻ ജോൺ ഇടയ്ക്കാട്, ജോൺസൺ സാമുവേൽ, സാം യു. ഇളമ്പൽ (മീഡിയ), ബി.സി. ചന്ദ്രൻ, ജസ്റ്റിൻജോസ്, ജോക്കബ് ടി. ജോൺ, ബിനു ജോൺ (വാളന്റിയേഴ്സ്), എബ്രഹാം തോമസ്, ഡി.ജോയി (താമസ ക്രമീകരണം), വിൽഫ്രഡ് രാജ്, കെ.എസ്. സുരേഷ്, ജോൺ മാത്യു (ലൈറ്റ് & സൗണ്ട്), മാത്യു കോശി, കെ.എം. സാബു, ടി.എസ്. സ്റ്റ്യുവർട്ട് (പ്രാർത്ഥന), ഷാബു ജോൺ, ജോസ് കെ. തോമസ് (ഗതാഗതം), തോമസ് മാത്യു, പ്രസാദ് കോശി, സാംകുട്ടി ജോൺ, സി.ശലോമോൻ (കർതൃമേശ), ടി.വി.പൗലോസ്, വിൽഫ്രഡ് രാജ്, പി.ബേബി (സ്നാനം), കെ.ജോയി, വിൻസന്റ് സാം, റോബിൻസൺ സി. (സ്തോത്രകാഴ്ച), ജിനു കെ. വർഗീസ്, ബിജി ഫിലിപ്പ്, ജോൺ സ്റ്റോബി, വിജി പി. വർഗീസ് (സ്റ്റേജ് അറേജ്മെന്റ്സ്), സജി പി., എം.എസ്. രാജൻ, എം.എസ്. മാത്യു (ഹെൽത്ത്), ടി.വി. പൗലോസ് (ധനകാര്യം), ബിനു തോമസ്, സി.സി. വർഗീസ് (സാമൂഹ്യ സേവനം), ജി. ജോൺസൺ (ഭക്ഷണം), എം. എ. ഫിലിപ്പ് (കലണ്ടർ അച്ചടി) എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തനം ആരംഭിച്ചു. ജനുവരി 24 ബുധൻ, 25 വ്യാഴം ദിവസങ്ങളിൽ ശുശ്രൂഷക സമ്മേളനം രാവിലെ 9 മുതൽ വൈകിട്ട് 5 വരെ നടക്കും.

ഓർഡിനേഷൻ നൽകുന്നതിലുള്ള പ്രത്യേക യോഗവും നടക്കും. ശനി രാവിലെ സണ്ടേസ്കൂൾ സമ്മേളനവും ഉച്ചയ്ക്ക് സി.എ (യുവജന) സമ്മേളനവും നടക്കും. സംയുക്ത സഭായോഗത്തോടെ കൺവൻഷൻ സമാപിക്കും. തൃശൂർ മുതൽ തിരുവനന്തപുരം വരെയുള്ള 8 ജില്ലകളിൽ നിന്നായി 15000-ത്തിലധികം പേർ സംയുക്ത സഭായോഗത്തിൽ സംബന്ധിക്കുമെന്ന് കണക്കാക്കുന്നു.

ജനറൽ കൺവൻഷന്റെ ആഴ്ചയിൽ പ്രാദേശിക സഭകളിൽ യോഗങ്ങൾ ക്രമീകരിക്കരുതെന്നും മുഴുവൻ സഭാംഗങ്ങളും ഈ കുടുംബസംഗമത്തിൽ സംഗമിക്കണമെന്നും സൂപ്രണ്ടും കമ്മറ്റി ചെയർമാനുമായ പാ. റ്റി.ജെ. സാമുവേലും, സഭാ ട്രഷററും കൺവൻഷൻ ജനറൽ കോഡിനേറ്ററുമായ പാ.എ. രാജനും അഭ്യർത്ഥിച്ചിട്ടുണ്ട്.

Published Printed and owned by Mrs. Liji Philip, Printed at St. Francis Sales Press, Kottam-1 for IGM Press, Manjadi P.o Thiruvalla, Pathanamthitta Dt. Kerala -689 105, Published form Mulamoottil House, Kavumgumprayar P.o Thiruvalla , Pin - 689 543, Pathanamthitta Dt. Kerala India, Editor : Renny Edapparambil